# HYDEL BULLET

Issue - 7, Vol - 12, August 2024

A Monthly Publication of the Kerala State Elecrictiy Board Engineers' Association





Kozhikode unit Meeting



Kottayam unit Meeting



Retirement functions

**KSEB Engineers' Association Office Bearers 2023 - 24**

**ASSOCIATION**

**President**
Er G Shaj Kumar
**Vice-Presidents**
Er Viji Prabhakaran (South)
Er Hariprasad M (North)
**General Secretary**
Er M Muhammad Rafi
**Treasurer**
Er Anoop Vijayan
**Organizing Secretaries**
Er Nishanth B (South)
Er Sajithkumar M (North)
**Secretaries**
Er Kunjunni P S (HQ)
Er Induchoodan D R (South)
Er Shameer N (North)

**BENEVOLENT FUND**

**Chairman**
Er Jayasankar K R
**Vice Chairman**
Er Subha T G
**Secretary**
Er Haridas Vijayan
**Treasurer**
Er Pradeep S V
**Joint Secretaries**
Er Anoop A (South)
Er Smruthi M (North)

**EDITORIAL BOARD**

**Chief Editor**
Er Rajesh D S
**Associate Editors**
Er Mahesh T
Er. Sarath Dev
Er Divya Ramadas C
Er Preetha D
**Ex. Officio Members**
Er Induchoodan D R
Er Kunjunni P S

# HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 7 Vol - 12 August 2024

*Editorial*

## "Escalating Attacks on Electricity Employees: A Call for Systemic Reform and Customer Awareness"

Recently many incidents of attacks against the employees working in Electrical Section Offices are reported. Due to increased media coverage, the issues are discussed everywhere be it in the mainstream media or the social media. The recent event at Thiruvampady was a major turning point. The newly assumed CMD Sri.Biju Prabhakar took a proactive stand in the Thiruvambady incident, which went on to become a major highlight in the scheme of events.

CMD ordered immediate disconnection of the Electricity connection of the culprits in the Thiruvambady incident. The decision can be called historic since no other CMD of KSEBL has shown the guts and courage to order such a disconnection. On release of the written order from the CMD, widespread discussions started in the social media on the pros and cons of such a decision, whether such a decision is supported by the procedure established by the law or is it a due process of law. The irony was that the owner of the electricity connection was the father of the culprits and the interpretation in the mainstream media became the violation of the rights of a person for a crime in which his kin is related. The eight o' clock discussions in

the television media had arguments, both supporting and opposing the act of the CMD of KSEBL. The entire drama came to an end with the reconnection of the electricity service at the house of the culprits.

Association supported the act of the CMD and gave a letter to him explaining the rule of law involved in the case and relevant clauses of the Electricity Act 2003, Electricity Supply Code 2014 and the Prevention to Public Property Act 1986. Thereafter, a press note was released by KSEBL revealing the real fact, that about 24 nos of assault incidents had already happened in the last one year, which is really alarming. It is time for introspection on why such things happen against employees of KSEBL. Is it due to lack of adequate customer awareness on the rules of electricity or due to some misbehaviour from the part of the employees of KSEBL.

As usually what is said about the Police system in Kerala, a reflection of the society gets absorbed into the KSEBL as well. Many perceive these as tendencies of misbehaviour to consumers considering KSEBL as a monopoly, the arrogance of being the only people who are dealing with distribution of electricity. Consumers feel that they have no other choices for availing the electricity and the only method in which they can achieve things is by showing violent nature and venting out their anger on the system or the employees.

The incident at Thiruvambady was followed by similar incidents in Kasargode and Varkala.

We think that there should be some serious introspection in the system, the way employees see the consumer needs to be changed, the way consumer services are delivered needs to be changed and the way consumer sees our institution should be changed. This change should not be a top-down approach but needs to be built up from the bottom. Judicious use of men, material and vehicle is required for effecting this change. Our structure is that of 2002 and not many changes have been made since then apart from the 2009 Model Section experiment. We believe that 22 years have passed since then and rather than an increase in the number of field offices, no other game changing technological changes has been introduced in our organisation especially in Distribution.

The world has moved towards aggregators in all the fields where customer delivery is sought out. The services at the doorstep launched in 2021 has been a complete failure in KSEBL and has not been able to achieve its goal since proper technology has not been adopted. The breakdown teams should operate in a gang mode. The service connections can be contracted out which was successfully implemented by the BSNL in the case of FTTH connections and the concept of section offices should be abolished. The distribution breakdown teams should operate from the substations and using a

## CONTENTS

**01** – *Page6*
*തീജ്വാല*
അവസാനബസിനു ശേഷം
വന്ന ലാസ്റ്റ് ബസ് അഥവാ സ്മാർട്ട് മീറ്റർ?
*Er എൻ.ടി. ജോബ്*

**02** - *Page 9 (കവിത)*
വളപൊട്ടുകൾ
*Er കെ.എൻ. രാമദാസ്*

**03** – *Page 10*
വൈദ്യുത അപകടങ്ങൾ
അശ്രദ്ധ കാരണമോ
ഒരു വിലയിരുത്തൽ ?
*Er സി.പി.ജോർജ്*

**04** - *Page 14*
വേണോ ഈ ഗൗരവം ?
*Er* ശ്രീലക്ഷ്മി കെ.എസ്.

**05** - *Page 15*
*ഓർമ്മചെപ്പ് - 1*
മൂന്നു സബ്സ്റ്റേഷനുകളുടെ കഥ
*Er* കെ.പി. ഗോപാലകൃഷ്ണൻ

**06** - *Page 18*
*(സുഭാഷിതം)*
എനിക്ക് വിജയിക്കണം
*Er* കെ. ശശിധരൻ

**07** - *Page 19*
അനാസ്ഥ ഒരു തുടർക്കഥ
*Er* ഇ.എം. നസീർ

**08** - *Page 21*
Be Kind to yourself by being kind to others
*Er Thomas Kolanjikombil*

**09** - *Page 23*
*Vantage Point*
The Impact of Luddite Sentiments on the Power Industry and Smart Meter Technology
*eMpTy mind....*

**11** - *Page 25*
*ഗാനമാധുരി* **16**
വിഷു - ആഘോഷവും
ഐതീഹ്യവും പാട്ടുകളും
(അവസാന ഭാഗം)
*Er പി.വി. പ്രമോദ്*

**12** - *Page 34*
*Energy Briefs -7*
*Er Subha T.G.*

tablet, the complaints registered at the Customer care centres should be automatically routed to the breakdown team having all the safety gadgets in the GPS fitted vehicle. Switch off permissions should be issued from the Circle level control rooms. After each complaint rectification, the customers shall be asked to rate the service in the Mobile App so that their complaint gets closed. In the era of food delivery apps such an approach is the need of the hour.

The opportunity may be utilised for introduction of mobile work force management supported by GPS tracking apps capable of incorporating the location of complaints, automatic diversion of workforce to the location and automatic status updates. We feel that both the customers and employees need to get updated on the current scenario. Only then such kind of attacks or mishaps can be avoided, and we can offer our employees a good happier and peaceful workplace. Happy employees lead to happy customers and thereby prospering the organisation.

## തീജ്വാല

# അവസാന ബസിനു ശേഷം വന്ന ലാസ്റ്റ് ബസ് അഥവാ സ്മാർട്ട് മീറ്റർ !



**Er എൻ.ടി. ജോബ്**
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*
*ntjobthirur@gmail.com*

സ്മാർട്ട് മീറ്റർ എന്നാണ് പേരെങ്കിലും ഒട്ടും സ്മാർട്ടല്ലാതെയാണ് തുടക്കം. ടോടെക്സ്, കാപ്പെക്സ് എന്നീ രണ്ടു വാക്കുകൾ അന്തരീക്ഷത്തിൽ ഉയർന്നു കേൾക്കുവാൻ തുടങ്ങിയിട്ടു കുറച്ചു കാലമായി. ഇപ്പോഴതിനു തീരുമാനമായി. സംസ്ഥാനത്തിന്റെ നിർദ്ദേശം കേന്ദ്രം അംഗീകരിച്ചിരിക്കുന്നു. കാപ്പെക്സ് രീതിയിലും സ്മാർട്ട് മീറ്റർ നടപ്പിലാക്കാമെന്ന് കേന്ദ്രം സമ്മതിച്ചിരിക്കുന്നു. സമയം കുറച്ചു പാഴായെന്നു മാത്രം. ആദ്യ ഘട്ടത്തിൽ മൂന്നു ലക്ഷം മീറ്ററും, അടുത്ത ഘട്ടത്തിൽ മുപ്പത്തിനാലു ലക്ഷം മീറ്ററും, മൂന്നാമത്തെ ഘട്ടമായി എല്ലാ മീറ്ററും സ്മാർട്ടായി മാറും.

ഈ രീതിയിൽ മീറ്ററുകൾ സ്ഥാപിക്കുവാൻ വരുന്ന മൊത്തം ചെലവും ബോർഡു വഹിക്കേണ്ടിവരും. പതിനഞ്ചു ശതമാനം സബ്സിഡി കേന്ദ്രം തരും. പതിനായിരം കോടി രൂപയാണ് ആകെ വേണ്ടിവരിക, ഇത്രയും തുക ബാങ്ക് ലോൺ വഴി കണ്ടെത്തേണ്ടി വരും. അതിനു വരുന്ന പലിശയും തിരിച്ചടവും റഗുലേറ്ററി കമ്മീഷനു സമർപ്പിക്കുന്ന താരിഫ് പെറ്റീഷൻ വഴി അനുവദിച്ചു കിട്ടണം. അങ്ങനെ അനുവദിക്കുന്ന തുകക്ക് തുല്യമായ യൂണിറ്റിനുള്ള നിരക്കിൽ അമ്പതു പൈസയുടെ വർദ്ധനവെങ്കിലും വന്നെന്നുവരാം. ഇരുന്നൂറു യൂണിറ്റ് പ്രതിമാസം ഉപയോഗിക്കുന്ന ഉപഭോക്താവിന് കറന്റ് ചാർജ് ഇനത്തിൽ നൂറു രൂപയുടെ വർദ്ധനവ് ഉണ്ടായെന്നു വന്നേക്കാം.

ടോട്ടക്സ് ആയാലും കാപ്പെക്സ് ആയാലും അധിക ബാധ്യത ഉപഭോക്താവ് തന്നെ വഹിക്കേണ്ടി വരുമെന്നുള്ളതാണ് സത്യം. ടോട്ടെക്സ് ആയിരുന്നുവെങ്കിൽ മുതൽ മുടക്ക് അന്വേഷിച്ചു നടക്കേണ്ടതില്ലായിരുന്നു. മുതൽ മുടക്ക് നടത്തുന്ന കമ്പനി തന്നെ പത്തുവർഷത്തേയ്ക്കുള്ള പരിപാലനവും നടത്തുമായിരുന്നു. മൂന്നു ലക്ഷം മീറ്ററുകൾക്കുള്ള ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നത് നല്ല ലക്ഷണമായി എടുക്കാം. പത്തു ദിവസത്തിനുള്ളിൽ ടെണ്ടർ വിളിച്ചിരിക്കണമെന്നും ഇല്ലെങ്കിൽ ആർ.ഡി.എസ്.എസ്. സ്കീം പ്രകാരമുള്ള ഗ്രാന്റ് നഷ്ടപ്പെടുമെന്നും പത്രവാർത്തകൾ വരുന്നുണ്ട്. അതുകൊണ്ട് എത്രയും വേഗം ടെണ്ടർ നടപടികൾ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കാം.

ആദ്യഘട്ടത്തിൽ ട്രാൻസ്ഫോമറുകളിലും വ്യവസായ കണക്ഷനുകളും സർക്കാർ ഓഫീസുകളുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതെല്ലാംകൂടിയുള്ള മൂന്നുലക്ഷം മീറ്ററുകൾക്കാണ് ടെണ്ടർ വിളിക്കുന്നത്. ഇതിൽ ഉൾപ്പെടുന്ന ട്രാൻസ്ഫോർമറുകളിൽ കുറെയെണ്ണത്തിൽ, അതായത് ഇരുപതിനായിരത്തോളം ട്രാൻസ്ഫോർമറുകളിൽ നേരത്തെയുണ്ടായിരുന്ന ഏ.പി.ഡി.ആർ.പി. സ്കീമിൽ

ഉൾപ്പെടുത്തി മീറ്ററുകൾ സ്ഥാപിച്ചിരുന്നു, ഡാറ്റാ കമ്മ്യൂണിക്കേഷൻ അടക്കം സാധ്യമാവുന്ന മീറ്ററുകളാണ് അന്ന് സ്ഥാപിച്ചിരുന്നത്. സോഫ്റ്റ് വെയർ വഴി ഈ ഡാറ്റകൾ സെക്ഷൻ ആഫീസുകളിലെത്തുന്ന രീതിയിലാണ് നടപ്പിലാക്കിയിരുന്നത്. എന്നാൽ ഇത്രയും ട്രാൻസ്ഫോർമറുകളിൽ മുപ്പത്തി രണ്ടു മീറ്ററുകൾ മാത്രമാണ് ഇപ്പോൾ പ്രവർത്തന സജ്ജമായിട്ടുള്ളത്. ബാക്കിയെല്ലാം പ്രവർത്തന രഹിതമാണ്.

ഓരോ സ്കീമുകൾ വരും,പോകും. അതേ മീറ്ററുകൾ മാറ്റുന്നത്, ഓരോ സ്കീമുകളിലും പെടുത്തുന്നത് അത്ര നല്ല കാര്യമല്ല. ഠൗൺ സ്കീമുകൾ ഉൾപ്പെട്ട മീറ്ററുകൾ പ്രവർത്തന സജ്ജമാക്കി നിറുത്തുവാനുള്ള ക്രമീകരണങ്ങൾ നമുക്കുണ്ടായില്ലെന്നതാണ് വസ്തുത. സ്കീമിന്റെ കാലാവധിക്കുള്ളിൽ ചെയ്തതിനുള്ള കേന്ദ്ര സഹായവും ലഭിച്ചിട്ടുണ്ടാവും. പക്ഷെ പ്രവർത്തനരഹിതമായവ, പ്രവർത്തന സജ്ജമാക്കുകയാണ് ആവശ്യം. വീണ്ടും അതേ ട്രാൻസ്ഫോർമറുകളിൽ മീറ്ററുകൾ സ്ഥാപിക്കുന്നത് ഇരട്ടി ചെലവ് വരുത്തുന്ന സംഗതികളാണ്. എല്ലാ ചെലവും ബോർഡ് തന്നെ വഹിക്കുന്ന കാപ്പെക്സ് മോഡലിലെങ്കിലും നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ മീറ്ററുകൾ പ്രവർത്തിച്ചിരുന്നെങ്കിൽ കഴിഞ്ഞു പോയ വേനലിൽ ഓവർലോഡ് ആകുന്ന ട്രാൻസ്ഫോർമറുകൾ കുറെയൊക്കെ തിരിച്ചറിയാമായിരുന്നു; അത്രയെങ്കിലും കത്തിപ്പോവാതെ സംരക്ഷിക്കാമായിരുന്നു.

കാപ്പെക്സ് മോഡലിലും മീറ്റർ സപ്ലൈ ചെയ്യുന്നതും ഡാറ്റാ കൈകാര്യം ചെയ്യുന്നതും സ്വകാര്യ കമ്പനികളായിരിക്കും. ടോട്ടെക്സ് മോഡലിൽ എതിർപ്പിനു ഒരു കാരണമായി പറഞ്ഞത് ഡാറ്റയുടെ സ്വകാര്യവൽക്കരണമായിരുന്നു. കാപ്പെക്സായാലും ഈ സ്ഥിതിക്കു വ്യത്യാസം വരുമെന്നു തോന്നുന്നില്ല. അല്ലെങ്കിൽ ടെണ്ടറിൽ പങ്കെടുക്കുവാനുള്ള അവസരം പൊതുമേഖലാ കമ്പനികൾക്കു മാത്രമായി നിജപ്പെടുത്തണമായിരുന്നു. അതു സാധിക്കുമെന്നു തോന്നുന്നില്ല. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന, ക്വാളിഫൈഡ് ആകുന്ന കമ്പനി ഏതാണോ അവർക്ക് കരാർ ലഭിക്കുമെന്നുള്ളതാണ് വാസ്തവം. ടോട്ടക്സിനു പറഞ്ഞിരുന്ന മറ്റൊരു എതിർപ്പ്, ഉപഭോക്താക്കളിൽ നിന്നും ഉയർന്ന നിരക്കിൽ മീറ്റർ വാടക വാങ്ങേണ്ടിവരുമെന്നാണ്.എന്നാൽ കാപ്പെക്സ് രീതിയിൽ കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന മുതൽമുടക്ക് തിരികെ ലഭിക്കുന്നതിന് ലോണിന്റെ തിരിച്ചടവും പലിശയും താരിഫ് പെറ്റീഷനിലൂടെ റഗുലേറ്ററി കമ്മീഷൻ അനുവദിച്ച് ഉപഭോക്താക്കളിൽ നിന്നു തന്നെ വാങ്ങണം. മീറ്റർ വാടകയ്ക്കു പകരം കറന്റ് ചാർജ് കൂടുതലായി ഈടാക്കുമെന്നു മാത്രം.

പത്തു വർഷത്തേക്കുള്ള മെയിന്റനൻസും ചേർത്തു വരുമ്പോൾ, എല്ലാ മീറ്ററുകളും സ്മാർട്ടാകുമ്പോൾ വൈദ്യുതി ബോർഡിന്റെ കടബാധ്യതയിൽ പതിനായിരം കോടി രൂപയുടെ വർദ്ധനവ് വന്നിട്ടുണ്ടാവും. ഈ തുക പതിനാറായിരം കോടി രൂപയായി പത്തു വർഷം കൊണ്ട് തിരിച്ചടയ്ക്കേണ്ടി വരും. അതായത് ഒരു വർഷം ആയിരത്തി അറുന്നൂറു കോടി രൂപയുടെ വർദ്ധനവ് ചെലവിനത്തിൽ വരും. കഴിഞ്ഞ താരിഫ് പെറ്റീഷനിൽ മൂവ്വായിരം കോടി രൂപയുടെ റവന്യൂ ഗ്യാപ്പ് ആണ് ബോർഡ് കാണിച്ചിരുന്നത്. റഗുലേറ്ററി അനുവദിച്ചത് ഒരു യൂണിറ്റിന് നാല്പതു പൈസയുടെ ശരാശരി വർദ്ധനവാണ്. രണ്ടായിരത്തി മൂന്നൂറുകോടി യൂണിറ്റാണ് ആ വർഷത്തെ ഉപയോഗം. നാല്പതു പൈസ കണക്കാക്കിയാൽ ഒരു വർഷത്തേക്കു ആയിരം കോടി രൂപയുടെ അധിക വരുമാനമാണ് ആ വർദ്ധനവിലൂടെ ലഭിച്ചത്. തുടർന്നുള്ള ഓരോ വർഷവും ആയിരം കോടിയുടെ വർദ്ധനവ് കിട്ടിക്കൊണ്ടിരിക്കും. നമ്മൾ കാണിച്ച റവന്യൂ ഗ്യാപ്പ് മൂന്നുവർഷം കൊണ്ട് തിരികെ ലഭിക്കും.

അതുകഴിഞ്ഞിട്ട് പിന്നിട്ട് വരുന്ന വർഷങ്ങളിലെ ചെലവിനുള്ള താരിഫ് വർദ്ധന പിന്നീട് വരും. ആയിരം കോടി രൂപയുടെ വർദ്ധനവ് ഒരു വർഷം ലഭിക്കുവാൻ താരിഫിൽ നാല്പതു പൈസയുടെ വർദ്ധനവ് വേണ്ടി വന്നു എന്നുള്ളിടത്താണ് കാപ്പെക്സ് മോഡൽ പ്രസക്തമാവുന്നത്. പ്രതിവർഷം ആയിരത്തി അറുന്നൂറുകോടി രൂപയുടെ ചെലവ് താരിഫിലൂടെ ലഭിക്കണമെങ്കിൽ എഴുപതു പൈസയുടെ വർദ്ധനവ് താരിഫിൽ വേണ്ടി വരും, അല്ലെങ്കിൽ ആ നഷ്ടം ബോർഡു സഹിക്കണം. സഹിക്കുകയാണെങ്കിൽ സഞ്ചിത നഷ്ടത്തിൽ ഇപ്പോഴുള്ള പതിനാലായിരം കോടി രൂപയായി വർദ്ധിക്കും നമുക്കു കൂടുതലും. ഗാർഹിക ഉപഭോക്താക്കളാണെന്ന് എല്ലാവർക്കും അറിയാം. ഓരോ സ്ലാബിലുമുള്ള ഉപഭോക്താക്കളുടെ എണ്ണവും കൂടി പരിശോധിക്കുന്നത് നല്ലതാണ്.

| പ്രതിമാസ ഉപയോഗം | ഗാർഹികം എണ്ണം | ഉപയോഗം (mu) |
|---|---|---|
| NPG | 12206 | 0.63 |
| 0-40 | 19423 | 4.28 |
| 0-50 | 2520715 | 640.16 |
| 51-100 | 3016775 | 2870.10 |
| 101 - 150 | 2548887 | 3886.03 |
| 151-200 | 1230148 | 2589.49 |
| 201-250 | 535376 | 1435.28 |
| 0-300 | 229104 | 726.53 |
| 0-350 | 96740 | 393.97 |
| 0-400 | 56272 | 255.36 |
| 0-500 | 51659 | 269.48 |
| 7500 | 44303 | 435.84 |
| | **10361606** | **13507.13** |

ഈ പട്ടികയിൽ നിന്നും ഗാർഹിക ഉപഭോക്താക്കൾക്കുണ്ടാകാൻ സാധ്യതയുള്ള വർദ്ധനവിന്റെ ഒരു ചിത്രം തെളിയുന്നതാണ്.

അഖിലേന്ത്യാ തലത്തിൽ ആസ്തി വികസനത്തിനായി ലോൺ കൊടുക്കുന്ന സ്ഥാപനമാണ് നബാർഡ്. ഈ സ്ഥാപനം രണ്ട് തരത്തിൽ ലോൺ കൊടുക്കുന്നുണ്ട്, നാലര ശതമാനം പലിശക്കും എട്ടു ശതമാനം പലിശക്കും. സർക്കാരുകൾ നോമിനേറ്റ് ചെയ്യുന്ന സ്ഥാപനങ്ങൾക്ക് നാലര ശതമാനം പലിശക്കു ലോൺ ലഭിക്കും. ഓരോ വർഷവും ആയിരം കോടി രൂപ നബാർഡ് ഇത്തരത്തിൽ ഓരോ സംസ്ഥാനത്തും നൽകുന്നുണ്ട്. എന്നാൽ കേരളത്തിൽ കെ.എസ്.ഇ.ബി.ക്കു ഈ തരത്തിലുള്ള ലോൺ ലഭിക്കുന്നതിന് സർക്കാർ പിന്തുണക്കുന്നില്ല എന്നിടത്താണ് പരിഭവം. മറ്റു പല സർക്കാർ വകുപ്പുകളും സർക്കാർ പിന്തുണയോടെ ഇത്തരത്തിലുള്ള ലോൺ കരസ്ഥമാക്കുന്നുണ്ട്. നേരത്തെ ജലവൈദ്യുത പദ്ധതികൾക്ക് നബാർഡ് ലോൺ ലഭിച്ചിരുന്നു. ഇപ്പോൾ ലഭിക്കുന്നില്ല. ഇത്തരത്തിലുള്ള ലോണുകൾ ലഭ്യമാക്കാനായാൽ ചെലവു കുറയ്ക്കുവാൻ സാധിക്കും.

സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനായി ആർ.ഡി.എസ്.എസ്. സ്കീം പ്രകാരം പല സംസ്ഥാനങ്ങളും കാര്യമായി തന്നെ മുന്നോട്ടു പോയിട്ടുണ്ട്. ഈ സ്കീം പ്രകാരം വിവിധ സംസ്ഥാനങ്ങളിലായി ഇരുപത്തിരണ്ടു കോടി മീറ്ററുകൾ സ്മാർട്ട് മീറ്ററാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ട്, വിവിധ ഘട്ടങ്ങളിലായി അതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നുമുണ്ട്. നമ്മുടെ സംസ്ഥാനത്തും എത്രയുംവേഗം ഇത് നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ടെണ്ടർ നടപടികൾ പൂർത്തിയായാൽ വേഗത്തിൽ കമ്പനികളുമായി കരാറിലേർപ്പെടുവാനും മീറ്ററുകൾ സ്മാർട്ടാക്കുന്നതിലേക്കുള്ള നടപടികളിലേക്കു കടക്കുന്നതിനും സാധിക്കും.

| അഖിലേന്ത്യാ സ്റ്റാറ്റസ് | |
|---|---|
| ഉപഭോക്താക്കളുടെ എണ്ണം | 291242711 |
| സ്മാർട്ട് മീറ്റർ പദ്ധതി (അനുമതി നൽകിയത്) | 222450825 |
| കരാറുകൾ നൽകിയത് | 117681381 |
| സ്മാർട്ട് മീറ്റർ സ്ഥാപിച്ചത് | 12635283 |

| കേരളം | |
|---|---|
| ഉപഭോക്താക്കളുടെ എണ്ണം | 1 കോടി 36 ലക്ഷം |
| സ്മാർട്ട് മീറ്റർ അനുമതി ലഭ്യമായത് | 1 കോടി 32 ലക്ഷം |
| ആദ്യഘട്ടം | 3 ലക്ഷം |
| രണ്ടാം ഘട്ടം | 37 ലക്ഷം |
| മൂന്നാം ഘട്ടം | 92 ലക്ഷം |

ഏ.പി.ഡി.ആർ.പി. സ്കീമിൽ വെച്ച മീറ്ററുകൾക്കു സംഭവിച്ച ദാരുണാന്ത്യം സ്മാർട്ട് മീറ്റർ പദ്ധതിയിൽ സ്ഥാപിക്കുന്ന മീറ്ററുകൾക്കു സംഭവിക്കില്ലെന്ന് ഉറപ്പു വരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

✵

കവിത

# വളപ്പൊട്ടുകൾ



*Er കെ.എൻ. രാമദാസ്*
*അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

**ചി**ല വളപ്പൊട്ടുകൾ
ഹൃദയത്തിൽ കീറി മുറിയുന്നു
ചില വളപ്പൊട്ടുകൾ
ഹൃദയത്തിൽ വർണ്ണം
വിരിയിക്കുന്നു

നിന്റെ കൈവളകൾ
പൊട്ടിയോയെന്നറിയില്ല
എന്റെ ഹൃദയത്തിൽ
മുറിവുകളുണ്ടായോയെന്നും

എന്നാലും ചുവന്നു കറുത്ത
കുപ്പിവളകൾക്കുള്ളിൽ
ഒരു വില്ലനുണ്ടായിരുന്നു
ഞാനും നീയുമറിയാതെ
ഹൃദയത്തിന്റെ
മുറിപ്പാടുകളിൽ
ഞാനവ തേടുന്നില്ല !
ഞാനും നീയും
മുറിപ്പെട്ടവരല്ല!

✵

# വൈദ്യുത അപകടങ്ങൾ അശ്രദ്ധ കാരണമോ ? ഒരു വിലയിരുത്തൽ



*Er സി.പി. ജോർജ്*
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

**വൈ**ദ്യുതി സംബന്ധിച്ച ജോലിയിൽ ഏർപ്പെടുന്നവരുടെയും പൊതുജനത്തിന്റെയും സുരക്ഷയ്ക്ക് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുവാൻ ഉത്തരവാദിത്വപ്പെട്ടവർ ചില്ലു കൊട്ടാരങ്ങളിലിരുന്ന് യാതൊന്നും ചെയ്യാതെ ഏറ്റവും അപകടകരമായ ജോലി സാഹചര്യങ്ങളും ജീവിത സാഹചര്യങ്ങളും നാട്ടിൽ സൃഷ്ടിക്കപ്പെടുന്നതിന് ഉത്തരവാദികൾ ആയിരുന്നിട്ടും ഓരോ അപകടവും സംഭവിക്കുമ്പോൾ ജോലി ചെയ്യുന്നതിനിടെ അപകടത്തിൽ പെടുന്നവരുടെ അശ്രദ്ധയാണ് അപകടകാരണം എന്നു പറഞ്ഞ്, സ്വന്തം ഉത്തരവാദിത്വങ്ങൾ അവരുടെ തലയിൽവച്ച് രക്ഷപ്പെടുന്ന സാഹചര്യമാണ് ഇവിടെ ഇപ്പോൾ ഉള്ളത്.

*ഏതെങ്കിലും ജോലി ചെയ്യുമ്പോൾ അതിൽ ഏർപ്പെടുന്നവർക്ക് മാനുഷികമായ അശ്രദ്ധയും തെറ്റുകളും ഉണ്ടാവുക സാധാരണമാണ്. അതിനെ മറികടക്കാനാവുന്ന പരിശീലനങ്ങളും സംവിധാനങ്ങളും നടപടിക്രമങ്ങളും നടപ്പിൽ വരുത്തിയാണ് ഇത്തരം മാനുഷിക പ്രശ്നങ്ങളെ പരിഹരിക്കേണ്ടത്. അല്ലാതെ മേഖലയിലെ നിയമങ്ങളെയും ചട്ടങ്ങളെയും നോക്കുകുത്തിയാക്കി രാഷ്ട്രീയവും സംഘടനാ രാഷ്ട്രീയവും കളിക്കാൻ സാഹചര്യം സൃഷ്ടിച്ചിട്ട് സ്വയം ചെയ്യുന്നതെല്ലാം മേഖലയിലെ നിയമങ്ങളും ചട്ടങ്ങളും പ്രകാരമെന്ന് പ്രസംഗിച്ചതുകൊണ്ടു മാത്രം ചെയ്യുന്ന കാര്യങ്ങൾ അങ്ങനെ ആകുമോ ?*

*വൈദ്യുത മേഖലയിലെ നിയമങ്ങൾക്കും സുരക്ഷാ ചട്ടങ്ങൾക്കും നയങ്ങൾക്കും എതിരെ നിലപാടെടുത്ത് പ്രചരണങ്ങൾ നടത്തുകയും സമരങ്ങൾ നടത്തുകയും അവയെ രാഷ്ട്രീയവും സംഘടനാ രാഷ്ട്രീയവും കളിച്ചും നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ചും മറി കടന്ന്, മേഖലയിൽ അരാജകത്വം സൃഷ്ടിച്ചിട്ട്, അധികാര ശ്രേണി പ്രകാരമുള്ള അച്ചടക്കം ഇല്ലാതാക്കിയിട്ട്, സുരക്ഷ നടപ്പാക്കാൻ നോക്കിയാൽ എങ്ങിനെയാണ് ശരിയായ സുരക്ഷയുണ്ടാവുക ?*

സുരക്ഷയുടെ ഏറ്റവും അടിസ്ഥാന ആവശ്യകതയാണ് അധികാര ശ്രേണിയുടെ കൃത്യമായ നിർവചനവും അതിൻപ്രകാരമുള്ള വിട്ടുവീഴ്ചയില്ലാത്ത അച്ചടക്കവും. CEAയുടെ സുരക്ഷാ നിയമങ്ങളെ പോലും വെല്ലുവിളിക്കുന്ന രാഷ്ട്രീയ സംഘടനാ സാഹചര്യങ്ങൾ ഇവിടെ നിലനിൽക്കുമ്പോൾ എന്തു വൈദ്യുത സുരക്ഷയാണ് ഇവിടെ പ്രായോഗികമായി സാധ്യമാകുക ?

സുരക്ഷയുടെ ബാലപാഠം പോലും അറിയാത്തവർ വെറും ബോർഡുത്തരവിന്റെ ബലത്തിൽ സുരക്ഷാ കമ്മീഷണറും സുരക്ഷാ ഓഫീസർമാരും ആയി വിലസുന്ന സാഹചര്യത്തിൽ ഇവിടെ സ്വന്തം തടി രക്ഷിക്കുക എന്നതല്ലാതെ യാതൊന്നും സുരക്ഷയുമായി ബന്ധപ്പെട്ടുനടക്കുന്നില്ല എന്നതല്ലേ വസ്തുത.

ഒരു നല്ല കമ്പനിയിൽ സുരക്ഷാ ഓഫീസറായി അപേക്ഷിക്കാൻ വേണ്ട മിനിമം യോഗ്യതയുള്ള എത്രപേർ KSEBL യുടെ സുരക്ഷാ വകുപ്പിൽ ഉണ്ട് എന്ന കണക്കെടുത്താൽ എന്തു കൊണ്ടാണ് വൈദ്യുതിയുമായി ബന്ധപ്പെട്ട അപകടങ്ങൾ കേരളത്തിൽ കൂടിക്കൊണ്ടിരിക്കുന്നത് എന്നത് മനസ്സിലാകും.

വൈദ്യുത മേഖലയിലെ ജോലികൾ സുരക്ഷിതമായി നിർവഹിക്കുന്നതിന്

ആവശ്യമായ അടിസ്ഥാന യോഗ്യതകളും കാലാനുസൃതമായ പരിശീലനങ്ങളും ജീവനക്കാർക്ക് ഉറപ്പാക്കിയും വേണ്ട സുരക്ഷാ സംവിധാനങ്ങളും, നടപടിക്രമങ്ങളും നടപ്പിൽ വരുത്തിയും ജീവനക്കാർക്ക് സുരക്ഷിതമായി ജോലി ചെയ്യാനും പൊതുജനങ്ങൾക്ക് വൈദ്യുത സുരക്ഷ ലഭിക്കാനും വേണ്ട സാഹചര്യങ്ങൾ ഒരുക്കേണ്ടവർ ഒരു സർക്കാർ ഉത്തരവുകൊണ്ടോ ബോർഡ് ഉത്തരവുകൊണ്ടോ ഇതിനെയെല്ലാം മറികടക്കാൻ നോക്കിയാൽ മാനദണ്ഡ പ്രകാരമുള്ള കാര്യപ്രാപ്തി വൈദ്യുതി കൈകാര്യം ചെയ്യേണ്ട ജീവനക്കാർക്കും എഞ്ചിനീയർമാർക്കും സുരക്ഷാ ജീവനക്കാർക്കും ഉണ്ടാകുമോ ? അവർക്ക് ആവശ്യമായ കാര്യപ്രാപ്തിയില്ലാതെ വൈദ്യുതി സുരക്ഷ ഉണ്ടാകുമോ ?

പ്രശസ്തമായ കമ്പനികളിൽ ജീവനക്കാരുടെ താമസസ്ഥലത്ത് അപകടം നടന്നാൽ പോലും ഉത്തരവാദിത്വം ഏറ്റെടുത്ത് കമ്പനി മാനേജ്മെന്റ് വേണ്ട കാര്യങ്ങൾ ചെയ്യുമ്പോൾ; ഇവിടെ ജോലിക്കിടെ മരിച്ചവർക്ക് വീണ്ടും പഴി! അവർ ജോലിക്കിടയിൽ അശ്രദ്ധ കാണിച്ചു എന്ന കുറ്റപത്രം ബാക്കി !

മരിച്ചവരും അപകടത്തിൽപെട്ടവരുമായ ജീവനക്കാരുടെ അശ്രദ്ധ കൊണ്ടാണ് അപകടമുണ്ടായത് എന്ന രീതിയിൽ കമ്പനിയുടെ ഉത്തരവാദിത്വപ്പെട്ട സ്ഥാനത്ത് ഇരിക്കുന്നവർ ചെയ്യുന്ന പ്രസ്താവനകൾ സുരക്ഷയെ സംബന്ധിച്ചും വൈദ്യുതി സുരക്ഷയെ സംബന്ധിച്ചും ബന്ധപ്പെട്ടവർക്കുള്ള അജ്ഞതയും ഉത്തരവാദിത്വമില്ലായ്മയും ഹൃദയശൂന്യതയുമാണ് കാണിക്കുന്നത്. മാത്രവുമല്ല ഇത്തരം പ്രസ്താവനകൾ കമ്പനിയുടെ സുരക്ഷാനയത്തിലെ പിഴവുകളെയും ഭാവിയിലും ഇത്തരം അപകടങ്ങളെ നിയന്ത്രിക്കുന്നതിൽ കമ്പനിക്ക് ഒന്നും ചെയ്യാനാകില്ല എന്ന കൈയ്യൊഴിയലിന്റെയും സൂചനയാണ് നൽകുന്നത്.

പണ്ട് കാളവണ്ടിയുഗത്തിൽ റോഡപകടങ്ങൾ ഇല്ലായിരുന്നു എന്നതുകൊണ്ട് ഇപ്പോഴുള്ള റോഡപകടങ്ങൾ എല്ലാം ഡ്രൈവർമാരുടെ കുറ്റമാണ് എന്നും തീർപ്പാക്കാമെങ്കിൽ വൈദ്യുതി അപകടങ്ങളെയും അങ്ങനെ തള്ളാം! ശരിയായ ഡ്രൈവിംഗ് ടെസ്റ്റും റോഡുരക്ഷാ നിയമങ്ങളും വെറും അനാവശ്യമെന്നും പറായം!

ജോലി ചെയ്യുന്നവരുടെ ഉത്തരവാദിത്വമാണ് സ്വന്തം സുരക്ഷ എന്ന ചിന്ത തന്നെ സംരക്ഷാനിയമത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാണ്. അംഗീകരിക്കപ്പെട്ട സുരക്ഷാ തത്വങ്ങൾ പ്രകാരം ജോലിയുടെ സുരക്ഷ ഉറപ്പാക്കേണ്ടത് സർക്കാരിന്റെയും മാനേജ്മെന്റിന്റെയും ജീവനക്കാരെ ജോലിക്ക് നിയോഗിക്കുന്നവരുടെയും പൂർണ്ണ ഉത്തരവാദിത്വമാണ്.

നിയോഗിക്കുന്ന ജോലിക്ക് കാര്യപ്രാപ്തിയും നൈപുണ്യവും ഉറപ്പുവരുത്തുന്നത് മുതൽ ജോലിക്ക് വേണ്ട സുരക്ഷാ സാഹചര്യം ഒരുക്കേണ്ട സുരക്ഷാ സംവിധാനങ്ങളും നടപടി ക്രമങ്ങളും മേൽനോട്ടവും പ്രോട്ടോക്കോളുകളും എല്ലാം നടപ്പിൽ വരുത്തേണ്ടത് ജോലിക്ക് നിയോഗിക്കപ്പെടുന്നവരല്ല! ജോലിക്ക് നിയോഗിക്കപ്പെടുന്ന ആളിന്റെ ജോലിചെയ്യാനുള്ള കാര്യപ്രാപ്തിയും നൈപുണ്യവും ശാരീരികക്ഷമതയും നിർണ്ണയിക്കുന്നത് പ്രസ്തുത ജോലി ചെയ്യുന്ന ജീവനക്കാരനല്ല! അത് വേണ്ടപോലെ നിർണ്ണയിച്ച് designate ചെയ്തിട്ടു വേണം ജോലിക്ക് നിയോഗിക്കാൻ എന്ന് CEA യുടെ വൈദ്യുതി സുരക്ഷാ ചട്ടങ്ങൾ പറയുന്നത്, ആർക്ക് വേണ്ടിയാണ് ?

ഏത് ജോലിയിലും Human errors ഉണ്ടാകുകവളരെ സ്വാഭാവികമാണ്. എന്നാൽ അതിനെ മറിക്കടക്കാൻ വേണ്ട സിസ്റ്റം ഉണ്ടാക്കുകയും അത് കൃത്യമായി നടപ്പാക്കു

കയും ചെയ്യുന്നതിലൂടെ മാത്രമെ സുരക്ഷ ഉണ്ടാവൂ. വൈദ്യുതി ഉപകരണങ്ങളുടെ Operational Inter lock കളും ജോലികളും PTW പെർമിറ്റ് സിസ്റ്റവുമെല്ലാം അതിന് വേണ്ടിയാണ് രൂപകൽപന ചെയ്തിരിക്കുന്നത്. എന്നാൽ ഈ 2024 ലും KSEBL ലെ വിതരണ മേഖലയിൽ ഇത്തരം നടപടിക്രമങ്ങളോ സംവിധാനങ്ങളോ ഒന്നും നടപ്പിലാക്കാതെ, കൃത്യമായ ജോലി നിയന്ത്രണ സംവിധാനങ്ങളോ അച്ചടക്കമോ നടപ്പിൽ വരുത്താതെ 19-ാം നൂറ്റാണ്ടിലെ രീതികളുമായി 2024 ൽ ശൃംഖല പരിപാലിക്കാൻ വേണ്ടത്ര നൈപുണ്യവും കാര്യപ്രാപ്തിയും ഇല്ലാത്ത ജീവനക്കാരെ നിയോഗിച്ചിട്ട്, തന്മൂലം ഉണ്ടാകുന്ന അപകടങ്ങൾ അവരുടെ അശ്രദ്ധമൂലം എന്നു മുദ്രകുത്തുന്നത് ക്രിമിനൽ മാനസ്സികാവസ്ഥയാണ് എന്നു പറയാതെ വയ്യ.

മേഖലയിൽ കേരളസർക്കാരിന്റെ Electrical Inspectorate വകുപ്പ് അടക്കമുള്ള സംവിധാനങ്ങളുടെയും KSEB-യുടെ സുരക്ഷാ കമ്മീഷണർമാരുടെയും സുരക്ഷാ ഓഫീസർമാരുടെയും സുരക്ഷാ സൂപ്പർവൈസർമാരുടെയും വർക്ക് സൂപ്പർവൈസർമാരുടെയും ഒക്കെ ആവശ്യം ഇത്തരം സംവിധാനങ്ങൾ രൂപകൽപ്പന ചെയ്ത് കാര്യക്ഷമമായും കൃത്യമായും നടപ്പിലാക്കുകയാണ്! അല്ലാതെ അപകടത്തിൽ പെട്ടയാളുടെ തലയിൽ അശ്രദ്ധ ആരോപിച്ച് സ്വന്തംതടി രക്ഷിക്കാനായി ഇത്തരം ഒരു സംവിധാനം ആവശ്യമില്ല എന്നു പറയാതെ വയ്യ!

അപകടത്തിൽ പെട്ടയാളിന്റെയും മരിച്ച ആളിന്റെയും തലയിൽ അശ്രദ്ധ ആരോപിച്ച് തടിതപ്പുന്ന ലോകത്തിലെ ഏക സുരക്ഷാ മാനേജ്മെന്റ് സിസ്റ്റം ഒരു പക്ഷേ കേരളത്തിലെ വൈദ്യുതി മേഖലയിലായിരിക്കും.

പിന്നെ ജോലിക്ക് നിയോഗിക്കുന്നവരുടെ കാര്യപ്രാപ്തിയും നൈപുണ്യവും നിർണ്ണയിക്കപ്പെടേണ്ടത് അവരുടെ ഇംഗ്ലീഷ് പരിജ്ഞാനംകൊണ്ടോ എഞ്ചിനീയറിംഗ് യോഗ്യത കൊണ്ടോ ആവരുതല്ലോ. മറിച്ച് അവരെ നിയോഗിക്കുന്ന ജോലിയിലെ പ്രാവണ്യംകൊണ്ട് മാത്രമാവണം. അംഗീകരിച്ച (KSEB-യുടെഅല്ല) ഒരു സുരക്ഷാ മാനുവലിലും ജോലി ചെയ്യുന്നവർക്ക് / ജോലിയിൽ ഏർപ്പെടുന്ന വ്യക്തിക്ക് സുരക്ഷയുടെ പൂർണ്ണ ഉത്തരവാദിത്വം ഏൽപിച്ചിരിക്കുന്നത് കാണാനാവില്ല! അംഗീകരിച്ച എല്ലാ സുരക്ഷാമാനുവലുകളിലും ജോലി സുരക്ഷ ഉറപ്പാക്കേണ്ട ഉത്തരവാദിത്വം പൊതുവെ സൂപ്പർവൈസർ അടക്കമുള്ള മേലുദ്യോഗസ്ഥർക്ക് തന്നെയാണ്.

*കൃത്യമായ ഒരു പെർമിറ്റ് സിസ്റ്റം പോലും ഇല്ലാതെ ജോലികൾ നടത്തിയിട്ട്, അച്ചടക്കമില്ലാതെ ജീവനക്കാരെ നാലുപാടും അഴിച്ചുവിട്ട് ജോലി ചെയ്യിച്ചിട്ട്, വൈദ്യുതിയുമായി ബന്ധപ്പെട്ട ജോലികളിൽ അപകടകരമായ സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ട്, അപകടത്തിൽ പെടുന്നവന്റെ തലയിൽ ഉത്തരവാദിത്വം വച്ചാൽ എല്ലാവർക്കും ശുഭം എന്ന അവസ്ഥ മാറേണ്ടിയിരിക്കുന്നു.*

KSEB യിൽ അപകടത്തിനുശേഷമുള്ള അന്വേഷണ റിപ്പോർട്ടുകളും വിലയിരുത്തലുകളും വെറും വെളുപ്പിക്കലുകൾ മാത്രമാണ്. അപകടത്തിന്റെ ശരിയായ ഉത്തരവാദികളേയും അപകടകരമായ സാഹചര്യം സൃഷ്ടിച്ചവരെയും അപകടത്തെക്കുറിച്ച് അന്വേഷിക്കാൻ ഏൽപിച്ചാൽ അവർ അന്വേഷിച്ച് ഉണ്ടാക്കുന്ന റിപ്പോർട്ടുകൾ "വെളുപ്പിക്കൽ" ആവുന്നത് വളരെ സ്വാഭാവികമാണല്ലോ!

വൈദ്യുതി മേഖലയിൽ പെർമിറ്റ് സിസ്റ്റം നടപ്പാവേണ്ടത് live line ഓഫ് ചെയ്ത് ജോലി

ചെയ്യുമ്പോൾ മാത്രമല്ല; മുഴുവൻ ജോലികൾക്കും അത്യാവശ്യമാണ് എന്നതാണ്. ജോലിയിൽ അച്ചടക്കം നടപ്പാക്കാൻ അടിസ്ഥാനപരമായ ആവശ്യം, പ്രസ്തുത ജോലികൾ എല്ലാം വേണ്ടപോലെ സൂപ്പർ വൈസ് ചെയ്തു തന്നെയാണ് നടപ്പാക്കേണ്ടത്. എന്നാൽ ഓരോ ജോലിയ്ക്കും എത്രമാത്രം സൂപ്പർവിഷൻ വേണം എന്നത് തീരുമാനിക്കേണ്ടത് ഓരോ ജോലിയിലും അടങ്ങിയിരിക്കുന്ന അപകട സാദ്ധ്യതയെ വിലയിരുത്തിയും ജോലി ചെയ്യുന്നവരുടെ യോഗ്യതയും കാര്യപ്രാപ്തിയും വിലയിരുത്തിയുമാണ് ആവേണ്ടത്. അതിനായി കൃത്യമായ സംവിധാനങ്ങൾ നിലവിൽ വരേണ്ടതുണ്ട്.

പക്ഷേ എല്ലാ ജോലിക്കും സുരക്ഷ ഉറപ്പാക്കേണ്ടത് സൂപ്പർവൈസറും മേലധികാരികളും തന്നെ എന്നതിൽ സംശയം വേണ്ട ജോലിചെയ്യുന്നവൻ സൂപ്പർവൈസർ ഏൽപ്പിക്കുന്ന ജോലിയെ ചെയ്യേണ്ടതുള്ളു. അല്ലാതെ ചെയ്യുന്ന ജോലികൾ അച്ചടക്ക ലംഘനം തന്നെ !

LT ലൈനിൽ പണി ചെയ്യുവാനുള്ള യോഗ്യത ആർജിച്ചവനും കാര്യപ്രാപ്തി ഉള്ളവനുമാകണം LM. പഴയ കാളവണ്ടിക്കാലത്ത് പോലും സ്കൂളുകാണാത്ത വർക്ക്മെൻ എഴുത്തും വായനയും അറിയില്ലെങ്കിലും അവന്റെ ജോലിയിൽ പ്രാവീണ്യവും നേടിയിരുന്നു.

എന്നാൽ ഇന്ന് സാഹചര്യം വ്യത്യസ്ഥമെങ്കിൽ ഇത്തരം സാഹചര്യം ഉണ്ടാക്കുന്നത് ആരാണ്? ഇന്ന് പ്രസ്തുതജോലികൾ ചെയ്യാൻ കാലാനുസൃതമായ സംവിധാനം ഇല്ലാത്തത് എന്തുകൊണ്ട്? KSEB സ്വന്തം വൈദ്യുത വിതരണ ശൃംഖല കാര്യക്ഷമമായി പരിപാലിക്കേണ്ടത് ഏതെങ്കിലും മഞ്ഞത്തൊപ്പിക്കാരന്റെ നിവർത്തികേട് മുതലെടുത്താണോ ?

*ഡൽഹിയിലെ ടാറ്റാ പവറിൽ അടക്കം നല്ല യൂട്ടിലിറ്റികൾ വൈദ്യുത ശൃംഖല പരിപാലിക്കുന്നത് ഇങ്ങനെയാണോ? ഇവിടെ ഇത്തരം സാഹചര്യം സൃഷ്ടിക്കുന്നതിൽ KSEBL മാനേജ്മെന്റിന് യാതൊരു പങ്കും ഇല്ലേ? ബന്ധപ്പെട്ട ജീവനക്കാരൻ പെർമിറ്റ് എടുത്ത് വേണ്ട സാഹചര്യങ്ങൾ ഉറപ്പാക്കിയ ശേഷം മാത്രം ജോലി ആരംഭിക്കുന്ന നടപടിക്രമം നടപ്പാക്കാൻ ഇവിടെ കഴിയാത്തത് എന്തുകൊണ്ട് ?*

*ജോലി ചെയ്യുന്നവന് അവർ ചെയ്യേണ്ട ജോലിയിൽ പ്രാവീണ്യവും ഉണ്ട് എന്ന് ഉറപ്പുവരുത്താനും വേണ്ട ശാരീരിക ക്ഷമത ഉറപ്പിക്കാനും അധികാരം സൂപ്പർവൈസർക്ക് വേണ്ടേ? അല്ലാതെ സുരക്ഷിതമായി വൈദ്യുത ജോലി നിർവഹിക്കുന്നത് എങ്ങനെ? ഇവിടെ മഞ്ഞത്തൊപ്പിവച്ച ജീവനക്കാരനെ സ്വന്തം ശാരീരികക്ഷമത അനുസരിച്ചും പ്രാവീണ്യമനുസരിച്ചുമുള്ള ജോലിയ്ക്കാണ് നിയോഗിക്കപ്പെടുന്നത് എന്നുറപ്പിക്കാൻ എന്ത് സംവിധാനമാണുള്ളത്. അത് ഉറപ്പാക്കേണ്ടത് ആരാണ്? KSEB യുടെ HR സംവിധാനത്തിന് ഇതിൽ യാതൊരു പങ്കുമില്ലേ? ഇനി പ്രാവീണ്യം ഉണ്ട് എങ്കിൽ തന്നെ വൈദ്യുത ലൈനിൽ പെർമിറ്റ് കൊടുക്കുന്നതും ജോലി ചെയ്യുന്നതും ഒരാൾ തന്നെയാകുന്ന സിസ്റ്റം എവിടെയാണുള്ളത്?*

ഫീൽഡ് ജീവനക്കാരന്റെ നിവർത്തികേട് മുതലെടുത്ത് ഏറ്റവും അപകടകരമായി പരിപാലിക്കപ്പെടുന്ന വിതരണശൃംഖലയിലേയ്ക്ക് യാതൊരു സുരക്ഷാ മുൻകരുതലുകളുമില്ലാതെ വലിയ സമ്മർദ്ദങ്ങൾക്ക് നടുവിലേയ്ക്ക് അഴിച്ചുവിട്ട് അവരെ അപകടത്തിലാക്കുന്ന മനുഷ്യത്വരഹിതമായ മുതലെടുപ്പാണ് ഇവിടെ കാണുന്നത് എന്നു പറയാതെ വയ്യ.

ഇവിടെ സിസ്റ്റം ഉണ്ടാക്കേണ്ടതും സൂപ്പർവൈസർ അല്ലല്ലോ. എല്ലാ സുരക്ഷാ

# വേണോ ഈ ഗൗരവം??



Er ശ്രീലക്ഷ്മി കെ.എസ്.
*അസിസ്റ്റന്റ് എഞ്ചിനീയർ*

**പ്രാ**യമേറുമ്പോൾ ചിലരെയെങ്കിലും പിടികൂടുന്ന ഒരസുഖമാണ് ഗൗരവം. പക്ഷേ ഈ അസുഖത്തിന് ഒരു പ്രത്യേകതയുണ്ട്; അത് ഒരാൾ സ്വയം വിചാരിച്ചാൽ മാത്രമേ അയാളെ പിടികൂടുകയുള്ളൂ.

പ്രായമേറിയപ്പോൾ "ഗൗരവം" എന്ന അസുഖം ബാധിച്ച ഒരുപാട് പേരെ നമുക്കു ചുറ്റും കാണാൻ സാധിക്കും. ചിലപ്പോൾ നിങ്ങളേയും അതു ബാധിച്ചിട്ടുണ്ടാകും. ഒന്നു കണ്ണാടിയിൽപ്പോയി നോക്കൂ... ഉവ്വോ..?? നിങ്ങളേയും അതു ബാധിച്ചോ ??

ഈ അസുഖം ബാധിച്ച ഒരാൾ എന്റെ വീട്ടിലും ഉണ്ട്, കേട്ടോ.. എന്റെ ചേട്ടൻ; എനിക്ക് രണ്ട് ചേട്ടന്മാരാണ്. മൂത്തചേട്ടനുമായി ഏകദേശം ഏഴ് വയസ്സോളം പ്രായ വ്യത്യാസം എനിക്കുണ്ട്. അതുകൊണ്ട് തന്നെ മൂത്ത ചേട്ടൻ 'അന്നും ഇന്നും' ശരിക്കും ഒരു ജ്യേഷ്ഠൻ റോൾ തന്നെയാണ്. ചേട്ടന്റെ കുഞ്ഞനുജത്തിയാണ് ഞാൻ. രണ്ടാമത്തെ ചേട്ടനുമായി മൂന്നു വയസ്സിന്റെ വ്യത്യാസമാണ് എനിക്ക്. അതുകൊണ്ടാണോ എന്നറിയില്ല കുട്ടിക്കാലത്ത് ഞങ്ങൾ ഭയങ്കര കൂട്ടായിരുന്നു. എല്ലാ കുരുത്തക്കേടിനും എനിക്ക് കൂട്ടായിരുന്നു ചേട്ടൻ.

മണിയടിച്ച് വരുന്ന സൈക്കിൾ വണ്ടിയിൽ നിന്ന് ഒരു രൂപയ്ക്ക് കിട്ടുന്ന ഐസ്ക്രീം വാങ്ങാനും, അച്ഛൻ അറിയാതെ അച്ഛന്റെ ബൈക്കിൽ കറങ്ങാൻ പോകാനും, ഞങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പെറോട്ടയും ചിക്കൻ ഫ്രൈയും കഴിക്കാനും ഒക്കെ. കോളേജ് പ്രായം എത്തിയപ്പോഴേയ്ക്കും ചേട്ടനും ഞാനും ഒരു പാട് കൂട്ടായിരുന്നു. അസാമാന്യമായ "Humour Sense" ആയിരുന്നു. ചേട്ടന്. സിനിമയിൽ ജഗതിയുടെയും കുഞ്ചന്റെയും ഒക്കെ കോമഡി സീനുകൾ അതുപോലെ അനുകരിക്കും. ഞാനും അമ്മയും ഇത് കേട്ട് ചിരിച്ച് മരിക്കും.. ചേട്ടനിൽ നിന്നാണ് ഈ അനുകരണ ശേഷി അൽപമെങ്കിലും എനിക്ക്

---

നിയമങ്ങളെയും ചട്ടങ്ങളെയും നടപടിക്രമങ്ങളെയും നോക്കുകുത്തിയാക്കുന്നത് ഉത്തരവാദിത്വപ്പെട്ട ഭരണാധികാരികൾ അല്ലേ?

*സ്വന്തം കീഴിലുള്ള ജീവനക്കാരന് വൈദ്യുത ലൈനിൽ സുരക്ഷിതമായി ജോലി ചെയ്യാൻ വേണ്ട കാര്യപ്രാപ്തിയും നൈപുണ്യവും ഇല്ല എന്നും റിപ്പോർട്ട് ചെയ്യാൻ ഒരു സൂപ്രവൈസർക്കും മേലുദ്യോഗസ്ഥനും പറ്റുന്ന സാഹചര്യം ഇവിടുണ്ടോ ?*

മഞ്ഞത്തൊപ്പിക്കാരന്റെ നിവർത്തികേടുകൾ മുതലെടുത്ത് അപകടകരമായ ജോലികൾ യാതൊരു സുരക്ഷാ മുൻകരുതലുകളുമില്ലാതെ ചെയ്യുവാൻ ഏറ്റവും മോശമായി പരിപാലിക്കപ്പെടുന്ന വിതരണ ശൃംഖലയിലേക്ക് ഏറ്റവും വലിയ സമ്മർദ്ദങ്ങൾക്ക് നടുവിൽ നിയോഗിക്കപ്പെട്ടിട്ട് അപകടത്തിൽ പെടുമ്പോൾ "അശ്രദ്ധ" എന്ന് പറഞ്ഞ് തടിതപ്പുന്ന ഉന്നത ഉദ്യോഗസ്ഥരും മാനേജ്മെന്റും തൊഴിലാളി സംഘടനകളും ചെയ്യുന്നത് സംഘടിത നരഹത്യ തന്നെയാണ് എന്നതു പറയാതെ വയ്യ!

ഓർമ്മച്ചെപ്പ്

# മൂന്നു സബ്സ്റ്റേഷനുകളുടെ കഥ



**കേരളത്തിലെ മൂന്നു പ്രധാന സബ് സ്റ്റേഷനുകളുടെ നിർമാണത്തിൽ നേരിട്ട പ്രതിസന്ധികളെക്കുറിച്ചാണ് ഈ ലേഖന പരമ്പര**

*Er. കെ.പി. ഗോപാലകൃഷ്ണൻ*
*ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)*

### 1. 66 കെ.വി സബ്സ്റ്റേഷൻ ടാറ്റാപുരം

കൊച്ചി, ബാനർജിറോഡ്, കേരള ഹൈ കോടതി ഭാഗങ്ങളിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ വോൾടേജ് ക്ഷാമവും വൈദ്യുതി തടസ്സവും കേരള ഹൈക്കോടതി യുടെ അതിരൂക്ഷമായ വിമർശനത്തിന് പ്രതിവിധി ആയിട്ടാണ് ടാറ്റ കമ്പനി സമീപത്ത് ഒരു 66 കെ.വി. സബ്സ്റ്റേഷൻ നിർമിക്കാൻ തീരുമാനിച്ചത്. പക്ഷെ വർഷങ്ങളായി യാതൊരു പുരോഗതിയും ഇല്ല. വീണ്ടും വ്യാപാരികളും ഹൈക്കോടതിയും രൂക്ഷമായ വിമർശനവുമായി വന്നപ്പോൾ അടിയന്തിര മായി സബ്സ്റ്റേഷൻ നിർമ്മാണം തുടങ്ങാൻ തീരുമാനിച്ചു.

നിർമ്മാണംപുരോഗമിക്കവേ ലൈനിന്റെ നിർമ്മാണത്തിൽ തടസ്സവാദവുമായി ഒരു ഹൈക്കോടതി അഡ്വക്കേറ്റ് തന്നെ മുന്നോട്ട് വന്നു. അദ്ദേഹത്തിന്റെ ഭാര്യയായ മറ്റൊരു ഹൈക്കോടതി വക്കീലിന്റെ തെങ്ങിൻ തോപ്പിന്റെ മധ്യ ഭാഗത്തു കൂടിയാണ് ലൈൻ പോകുന്നത് .

അൻപതിൽ പരം നല്ല കായ് ഫലമുള്ള തെങ്ങുകൾ മുറിച്ചു മാറ്റണം. ഓരോ തെങ്ങിൽ നിന്നും ഓരോ തവണയും നൂറിൽ കൂടുതൽ നാളികേരം ലഭിക്കുന്ന തെങ്ങുകൾ. ശരിക്കും വമ്പിച്ച നഷ്ടം തന്നെ. ലൈൻ സർവ്വേ ചെയ്യുന്ന സമയം ഇവിടെ ഒരു തെങ്ങു പോലും

---

കിട്ടിയത്. ചേട്ടനായിരുന്നു അതിനുള്ള പ്രചോദനം... എന്റെ ഏറ്റവും അടുത്ത കൂട്ടുകാരെ സന്തോ ഷിപ്പിക്കാൻ മാത്രമേ ഈ അനുകരണ കല ഞാൻ ഉപയോഗിക്കാറുള്ളു, കേട്ടോ... എന്തു മാത്രം ചിരിക്കുമായിരുന്നു അന്നൊക്കെ ചേട്ടൻ...

ഇന്നിപ്പോൾ വിവാഹം കഴിഞ്ഞ് രണ്ട് പെൺകുട്ടികളുടെ അച്ഛനായപ്പോൾ ചേട്ടനെയും പിടികൂടി ആ അസുഖം... 'ഗൗരവം'.

ചിലപ്പോഴൊക്കെ എനിക്ക് ഭയങ്കരമായി ദേഷ്യം വരും. ഞാൻ അമ്മയോട് പറയും...

എന്തിനാ ഇത്ര ഗൗരവം? ഒന്നു ചിരിച്ചൂടേ? ഉത്തരവാദിത്വം കൂടി എന്ന് കാണിക്കാനാണോ ഈ ഗൗരവം? ഞാൻ ആലോചിക്കാറുണ്ട്; പഴയതുപോലായാൽ എന്തെങ്കിലും സംഭവിക്കുമോ...? ആവോ?

എന്റെ അഭിപ്രായം.. എന്തിനാ ഇപ്പോ ഈ അസുഖം നമ്മൾ ഉണ്ടാക്കുന്നേ?. സന്തോഷമായി ചിരിച്ചുകൊണ്ട് ഉത്തരവാദി ത്വങ്ങൾ നിറവേറ്റാൻ എന്താണിത്ര പ്രയാസം? അപ്പോഴല്ലേ നമ്മൾ ഏറ്റവും അധികം സന്തോഷിക്കുന്നേ...? ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ എന്തിനാ നമ്മൾ നമ്മളല്ലാതായി മാറുന്നേ? അതിന്റെ ആവശ്യമുണ്ടോ ? ഇല്ലെന്നാണ് എന്റെ അഭിപ്രായം.. നിങ്ങളു ടെയോ?.

*"നിങ്ങൾ നിങ്ങളായിത്തന്നെ ജീവി ക്കുക!!"*

✵

ഉണ്ടായിരുന്നില്ല, അഞ്ചു വർഷം കൊണ്ട് വളർത്തിയെടുത്ത അതിഫലം തരുന്ന തെങ്ങുകൾ. ഒരുപ്രാവശ്യം തന്നെ ആയിരത്തിലധികം തേങ്ങകൾ കിട്ടും. അവരുടെ പ്രതിഷേധം സ്വാഭാവികമായിരുന്നു. പക്ഷെ റൂട്ട് തീരുമാനിച്ചു; അവസാന അപ്പ്രൂവലും കിട്ടിക്കഴിഞ്ഞാൽ പിന്നെ റൂട്ട് മാറ്റുക സാധാരണയില്ല. അടുത്ത നടപടിക്രമം ജില്ലാ മജിസ്‌ട്രേട് ആയ ജില്ലാ കളക്ടറെ സമീപിക്കുക എന്നതാണ് ..

അതിനിടെ പത്രങ്ങളിൽ വെണ്ടയ്ക്ക വലുപ്പത്തിൽ വാർത്ത വന്നു."എറണാകുളത്തെ പ്രശസ്തരായ ചില ഭൂ ഉടമകളുടെ എതിർപ്പുകാരണം ടാറ്റ സബ്സ്റ്റേഷൻ പണി മുടങ്ങുന്നു"

നിയമപ്രകാരം ഞാൻ ഡിസ്ട്രിക്ട് മജിസ്‌ട്രേറ്റ് ആയ കളക്ടർ ശ്രീ രാജനെ സമീപിച്ചു, രണ്ടു ഹിയറിങ് കഴിഞ്ഞു.

കളക്ടറുടെ തീരുമാനം ഇങ്ങനെയായിരുന്നു; എന്നേക്കാൾ ഈ രംഗത്തു വിദഗ്ധനായ ചീഫ് എഞ്ചിനീയർ പഠിച്ചിട്ടാണ് ഫൈനൽ അപ്രൂവൽ; അതിൽ ഇടപെടാൻ ഞാൻ കാരണം കാണുന്നില്ല"

ഈ തീരുമാനം അവർക്കു സ്വീകാര്യം ആയിരുന്നില്ല. അവർ വീണ്ടും എന്നെ സമീപിച്ചു .

'മറ്റൊരു പോംവഴിയും ഇല്ലേ സാറെ?"

ഞാൻ എന്റെ നിസ്സഹായാവസ്ഥ തുറന്നു പറഞ്ഞു.

അവർ മറ്റൊരു പോംവഴി പറഞ്ഞു 'തോപ്പിന്റേനേരെ മധ്യഭാഗത്തുകൂടി പോകുന്ന ലൈൻ സൈഡിലേക്ക് മാറ്റിയാൽ നല്ല ഒരു ശതമാനം തെങ്ങുകൾ രക്ഷപ്പെടും'

ഇക്കാര്യത്തിൽ എനിക്കൊന്നും ചെയ്യാൻ ഇല്ല, ചീഫ് എൻജിനീയർ ആണ് ഫൈനൽ അതോറിറ്റി,ഞാൻ പറഞ്ഞു നോക്കാം.' ഞാൻ ചീഫ് എൻജിനീയർ ശ്രീ. ജോൺ ടി.ജേക്കബ് സാറിനെ കണ്ടു, കാര്യങ്ങൾ വിശദീകരിച്ചു; രണ്ടുപേരും ഹൈക്കോടതിയിലെ സീനിയർ വക്കീലന്മാരാണ്. സുപ്രീം കോടതി വരെ പോകാൻ അവർ തയ്യാറാണ്.. വർഷങ്ങളോളം നീണ്ടു പോകും ."

"ഞാൻ മന്ത്രി ശ്രീ. ബാലകൃഷ്ണപിള്ള സാറുമായി ഒന്ന് സംസാരിച്ചു നോക്കട്ടെ. "

'അവർ കോടതിയിൽ പോകുന്നെങ്കിൽ പോകട്ടെ, ലൈൻ മാറ്റേണ്ട കാര്യമില്ല; മന്ത്രിയുടെ പ്രതികരണം . അവർ നേരിട്ട് മന്ത്രിയെ സമീപിച്ചു; പ്രയോജനം ഒന്നും ഉണ്ടായില്ല.

അവർ കോടതിയിൽ പോകാൻതന്നെ തീരുമാനിച്ചു. ഒരു പോംവഴി നിർദേശിച്ചു വസ്തുവിന്റെ മധ്യത്തിൽ നിന്നും അൽപ്പം മാറ്റി ഒരു ടവർ കൂടി ഇട്ടാൽ ലൈൻ അതിൽ കൂടി വലിച്ചാൽ എഴുപതു ശതമാനത്തോളം തെങ്ങുകൾ രക്ഷപ്പെടുത്താം.

ഞാൻ ഈ കാര്യം ചീഫ് എൻജിനീയറെ അറിയിച്ചു. അവർ രണ്ടുപേരും ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകരാണ്. സുപ്രീം കോടതി വരെ പോകും. ."

ഞാൻ മന്ത്രിയെ കണ്ടു ഒന്നുകൂടി പറഞ്ഞു നോക്കാം "

മന്ത്രി അർദ്ധ സമ്മതം മൂളി .

പിന്നീട് കാര്യങ്ങൾ അതിവേഗത്തിൽ ആയിരുന്നു. പണികൾ ശരവേഗത്തിൽ തീർന്നു. ഉദ്ഘാടനം അതി ഗംഭീരമായി നടത്താൻ തീരുമാനിച്ചു

പണികൾ അതിവേഗത്തിൽ തീർക്കാൻ പണിയെടുത്ത എല്ലാ ജീവനക്കാരെയും മന്ത്രി അങ്ങേയറ്റം അഭിനന്ദിച്ചു. കൂട്ടത്തിൽ ഒരു പ്രത്യേക പ്രഖ്യാപനവും .

പ്രത്യേക താല്പര്യമെടുത്തു റെക്കോർഡ് സമയത്തിൽ ഈ സബ്സ്റ്റേഷന്റെ പണി

പൂർത്തിയാക്കുന്നതിൽ നേതൃത്വം നൽകിയ ടെക്നിക്കൽ മെമ്പർ ശ്രീ. കേശവപിള്ളക്കും ചീഫ് എഞ്ചിനീയർ ശ്രീ.ജോൺ ടി. ജേക്കബി നും ഞാൻ ഒരു പ്രത്യേക പാരിതോഷികം പ്രഖ്യാപിക്കുകയാണ്. ഞാൻ ഉൾപ്പെടെ ഉള്ളവർ നീണ്ട കയ്യടി. എൻജിനീയറന്മാരുടെ കഴിവിനെ മന്ത്രി പരസ്യമായി അംഗീകരിച്ചി രിക്കുന്നു.

പക്ഷെ അടുത്ത പ്രഖ്യാപനം വന്ന പ്പോൾ ഞാൻ തളർന്നുപോയി. ഈ രണ്ടു പേരുടെയും സേവനം ഒരുവർഷത്തേക്കു കൂടി നീട്ടികൊടുക്കുന്നതായി ഞാൻ പ്രഖ്യാപി ക്കുന്നു.'

രണ്ടുപേരും ഇന്ന് റിട്ടയർ ചെയ്യേണ്ടവർ ആണ്. ഞാൻ പ്രൊമോഷൻ ലിസ്റ്റിൽ ഒന്നാമ നായി നിൽക്കാൻ തുടങ്ങിയിട്ട് നാലു വർഷ ങ്ങൾ ആയി.

നാളെ പ്രൊമോഷൻ ഓർഡർ പ്രതീക്ഷി ച്ചിരിക്കയാണ്. എന്റെ സഹപ്രവർത്തകർ എല്ലാം എനിക്ക് ഹൃദ്യമായ ഒരു യാത്രയയപ്പു സൽക്കാരം വരെ തയ്യാറാക്കിയിരിയ്ക്കയാണ്. റെക്കോർഡ് വേഗത്തിൽ സബ്സ്റ്റേഷൻ പണി തീർത്തതിന്റെ പാരിതോഷികം ടെക്നിക്കൽ മെമ്പർക്കും ചീഫ് എൻജിനീയർക്കും.

അവർ രണ്ടുപേരും അതിനു അർഹത യുള്ളവരാണെന്നുള്ള കാര്യത്തിൽ എനിക്കും അഭിപ്രായ വ്യത്യാസമില്ല. പക്ഷേ കാത്തുകാ ത്തിരുന്ന 14 വർഷങ്ങൾക്കുശേഷം....

മീറ്റിംഗ്കഴിഞ്ഞപ്പോൾ കേശവപിള്ള സാറും ജോൺ ടി. ജേക്കബ് സാറും എന്നെ അടുത്തുവിളിച്ചു അഭിനന്ദിക്കാൻ മടി കാണി ച്ചില്ല. എന്റെ നഷ്ടം ഞാൻ അവരോടു പറഞ്ഞ തുമില്ല.

ഉദ്ഘാടനത്തിന് അന്ന് മധ്യമേഖലാ ഡി.ഐ.ജി. യും പ്രശസ്ത സാഹിത്യകാരനും ആയിരുന്ന ശ്രീ.എം. കൃഷ്ണൻ നായർ സാറിനെ കൂടി ക്ഷണിക്കാൻ ഞാനാണ് മുൻ കൈ എടുത്തത് അദ്ദേഹത്തിന്റെ സൂപ്പർ പ്രസംഗത്തിൽ നിന്ന്.;

"ഈ സബ്സ്റ്റേഷൻ റെക്കോർഡ് വേഗ ത്തിൽ പണിതീർത്ത എൻജിനീയറന്മാരെ ഞാൻ അഭിനന്ദിക്കുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ജേക്കബ് വർഗീസ് എന്റെ അടുത്ത സുഹൃത്ത് കൂടിയാണ് അദ്ദേഹവു മായുള്ള ഒരു രസകരമായ അനുഭവം പറയട്ടെ.

ഒരു ദിവസം അദ്ദേഹത്തെ ഫോൺ ചെയ്യു മ്പോൾ ഒരു ക്രോസ്സ് സംഭാഷണം. ഒരു ലേഡി എൻജിനീയറുമായിട്ടാണ്; രണ്ടുപേർ തമ്മിൽ സംസാരിക്കുമ്പോൾ ഇടയ്ക്കുകയറി രഹസ്യ മായി ശ്രദ്ധിക്കുന്നത് മര്യാദ അല്ലെന്നറിയാം, എങ്കിലും ഇവരുടെ സംഭാ ഷണം കേൾക്കാൻ രസമുള്ളതായിരുന്നു.

'---ഇങ്ങോട്ടൊന്നു വരണമെന്ന് പറഞ്ഞിരുന്നല്ലോ, എന്തെ താമസം?'

'സർ, ഞാൻ ഇവിടെ ലൂപ്പ് ഇടിച്ചു കൊണ്ടിരിക്കയാണ്. തീർന്നാലുടൻ വരാം. ഞാൻ ആകെ കൺഫ്യൂഷൻ ആയി. ജേക്കബ് വർഗീസിനെ വർഷങ്ങളായി അടുത്തറിയാം; ഈ ലേഡി എൻജിനീയറെയും അടുത്ത റിയാം, സംശുദ്ധമായ സ്വഭാവശുദ്ധിയുള്ള അതിപ്രഗ ത്ഭയായ ഒരു യുവ എൻജിനീയർ. പിന്നെന്തേ ഇങ്ങനെ ? ഞാൻ പോലീസ് ശൈലിയിൽത്ത ന്നെ ഒരു രഹസ്യ അന്വേഷണം നടത്തി. ഞാൻ തികച്ചും ജാളിതനായിപ്പോയി. കേബിൾ ഇടുമ്പോൾ ഒന്നോ രണ്ടോ വളയം കൂടുതൽ ഇടുന്നതിനാണ് ലൂപ്പ് ഇടുക എന്ന് പറയുന്നത്! "

സദസ്സിൽ ഇരുന്ന ജേക്കബ്ബ് വർഗീസ്സാറും ലേഡി എൻജിനീയറും ഉൾപ്പെടെയുള്ളവർ ഈ നർമ്മം ആസ്വദിച്ചു....

✵

## സുഭാഷിതം

# എനിക്ക് വിജയിക്കണം



*Er കെ. ശശിധരൻ (റിട്ട.)*
കണ്ണൂർ

**പ**രാജയങ്ങൾ ഏറ്റുവാങ്ങി ഇനി വിജയിക്കില്ല എന്നു കരുതി ജീവിതം തന്നെ അവസാനിപ്പിക്കാൻ തീരുമാനിച്ചവരെ നമുക്കറിയാം. അങ്ങിനെയുള്ളവർക്കിതാ അങ്ങ് ബോംബെയിൽ നിന്നും ഒരു അനുഭവ കഥ.

പതിനാലാം വയസ്സിലായിരുന്നു വിവാഹം. പതിനെട്ട് ആയപ്പോഴെത്തേക്കും രണ്ട് പെൺകുട്ടികളുടെ അമ്മയായി. ഡിണ്ടിഗലിലുള്ള ഒരു പോലീസ് കോൺസ്റ്റബിൾ ആയിരുന്നു ഭർത്താവ്. ഒരിക്കൽ തന്റെ ഭാര്യയെ കൂടെ പരേഡിനദ്ദേഹം കൊണ്ടുപോയി. തിരിച്ചു വരുന്ന വഴി അവൾ ഭർത്താവിനോട് ചോദിച്ചു. 'ആരെയാണ് അവിടെ സെല്യൂട്ട് ചെയ്തത് ?

ഭർത്താവ് വിശദീകരിച്ചു കൊടുത്തു. 'ഐ.പി.എസ്., ഡി.ജി.പി. അങ്ങിനെ ഹയർ ഗ്രെയിഡിലുള്ളവരെയാണ് അവിടെ സെല്യൂട്ട് ചെയ്തത്'. ഒന്നുമറിയാത്ത ആ പെൺകുട്ടി ഭർത്താവിനോട് പറഞ്ഞു. എന്നെയും ഇങ്ങിനെ സെല്യൂട്ട് ചെയ്യണം. അയാൾ ചിരിച്ചു. എന്നാൽ, ആ ചിരിയിൽ അവൾ അവളുടെ ആഗ്രഹം തള്ളിക്കളഞ്ഞില്ല. അവളത് ആവർത്തിച്ചാവർത്തിച്ച് ഭർത്താവിനോട് പറഞ്ഞുകൊണ്ടേയിരുന്നു.

എനിക്കും വേണം ഈ സെല്യൂട്ടെന്ന്. നിർബന്ധം ഏറി വന്നപ്പോൾ അയാൾ ഒരു കാര്യം പറഞ്ഞു മനസ്സിലാക്കി. ആയതിന് ആദ്യം പത്താം ക്ലാസ്സ് പൂർത്തീകരിക്കണം. ശൈശവ വിവാഹത്തിന്റെ ബലിയാടായതുകൊണ്ട് പത്താം ക്ലാസ്സു പോലും പൂർത്തീകരിക്കാൻ ആ പെൺകട്ടിക്ക് സാധിച്ചിട്ടുണ്ടായിരുന്നില്ല. എന്നാൽ അവളുടെ ആഗ്രഹം വീണ്ടുമവൾ പറഞ്ഞു. എന്റെ മുന്നിലും ഇതുപോലെ സെല്യൂട്ട് ചെയ്യണം. എനിക്കും വേണം ഐ.പി.എസ്. എന്ന്. അദ്ദേഹം അവളെ പറഞ്ഞു മനസ്സിലാക്കി നോക്കി. പക്ഷെ അവൾ അവളുടെ ആഗ്രഹ ത്തിൽ തന്നെ ഉറച്ചുനിന്നു.

പിന്നീട് അദ്ദേഹത്തിന്റെ സഹായത്തോടെ പത്താം ക്ലാസ്സ് പൂർത്തീകരിച്ചു. പതിനൊന്നാം ക്ലാസ്സും പന്ത്രണ്ടാം ക്ലാസ്സും ഡിഗ്രിയും നേടി. അന്ന് ഐ.പി.എസ്. കോച്ചിംഗ് സെന്ററൊന്നും ഡിണ്ടിഗൽ എന്ന ഗ്രാമത്തിലുണ്ടായിരുന്നില്ല. എന്നാൽ ഭർത്താവിന്റെ സഹായത്തോടെ ചെന്നൈയിലേക്ക് പോയി അവിടെ താമസിച്ച് ഐ.പി.എസ്. കോച്ചിംഗിൽ പങ്കെടുക്കുകയും ചെയ്തു. ആദ്യ പ്രാവശ്യം പരീക്ഷ എഴുതി വിജയിച്ചില്ല. രണ്ടാം പ്രാവശ്യവുമെഴുതി വിജയിച്ചില്ല. മൂന്നാം പ്രാവശ്യവും എഴുതി വിജയിച്ചില്ല. മാതാപിതാക്കളും സഹോദരങ്ങളും കൂട്ടുകാരുമെല്ലാം അവളെ തിരികെ വിളിച്ചു. ഇനി നാട്ടിൽ വന്ന് എന്തെങ്കിലും ജോലി നോക്കാമെന്ന് പറഞ്ഞു. അവൾ അവളുടെ ഭർത്താവിനോട് പറഞ്ഞു; ഒരു അവസരം കൂടി എനിക്ക് തരണമെന്ന്. ഭർത്താവ് സമ്മതിച്ചു. അവൾ നാലാം പ്രാവശ്യം പരീക്ഷയെഴുതി. ഐ.പി.എസ്. നേടി എന്നു മാത്രമല്ല.ഇന്റർവ്യുവിൽ നല്ല സ്കോറോടുകൂടി പാസ്സാവുകയും ചെയ്തു. അതാണ് ബോംബെ നഗരത്തിന്റെ പെൺപുലി എന്നറിയപ്പെടുന്ന **ഡി.സി.പി. അംബികയു**ടെ അനുഭവ കഥ...

# അനാസ്ഥ – നമുക്ക് ഒരു തുടർക്കഥ – 1



*Er ഇ.എം. നസീർ*
*എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)*

തിരുവനന്തപുരം തമ്പാനൂരിൽ ആമയിഴഞ്ചാൻ തോടിൽ മാലിന്യങ്ങൾ അടിഞ്ഞ് ഒഴുക്കു നിലയ്ക്കുന്നതും നഗരത്തിൽ വലിയ വെള്ളക്കെട്ടുകൾ രൂപപ്പെട്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതും പതിവു കാര്യമാണല്ലോ.

വലിയ മഴക്കാലത്തു പോലും ഇങ്ങനെയൊരു പ്രതിഭാസം പണ്ടൊന്നുമുണ്ടാകുമായിരുന്നില്ല. തോടിന്റെ ഒഴുക്ക് സുഗമമാക്കാൻ മാലിന്യങ്ങൾ കോരിക്കളയാനായി നിയോഗിച്ചത് പാവപ്പെട്ട ഒരു തൊഴിലാളിയെയാണ്. ജീവിക്കാൻ വേണ്ടിയും തന്റെ ഗതികേടുകൊണ്ടും അയാൾ ആരും മടിക്കുന്ന ആ പണിക്ക് ഇറങ്ങി. ഒടുവിൽ മാലിന്യങ്ങൾക്കുള്ളിൽ മുങ്ങിത്താണ് അയാൾ മരണത്തിന് കീഴടങ്ങി.

ഏറെ സന്ദർശകരും ഡോക്ടർമാരടക്കമുള്ള ഉദ്യോഗസ്ഥരും സെക്യൂരിറ്റി സ്റ്റാഫുമൊക്കെയുള്ള തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ലിഫ്റ്റ് കേടായതാരുമറിയാതെ രണ്ടു ദിവസം അതിനകത്ത് കുടുങ്ങിപ്പോയ ഒരാൾ മരണത്തെ മുഖാമുഖം കണ്ടശേഷം ആരുടെയൊക്കെയോ ഭാഗ്യം കൊണ്ട് ജീവിതത്തിലേക്ക് തിരിച്ചുവന്നു.

ഉത്തര കർണ്ണാടകയിലെ അങ്കോള എന്ന സ്ഥലത്ത് ഷിരൂരിൽ മണ്ണിടിച്ചിലെത്തുടർന്ന് മലയാളിയായ ഒരു ഡ്രൈവറും ലോറിയും മറ്റേതാനും പേരും മണ്ണിനടിയിൽപെട്ടിട്ട് രണ്ടാഴ്ച തിരച്ചിൽ നടത്തിയിട്ടും കണ്ടെത്താനായില്ല. ഇപ്പറഞ്ഞ ദുരന്തങ്ങളെല്ലാം തന്നെ സർക്കാർ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥ

---

ജീവിതത്തിൽ പരാജയങ്ങളും തടസ്സങ്ങളും വരുമ്പോൾ, എല്ലാം കഴിഞ്ഞു എന്ന് പലപ്പോഴും നമ്മൾ പറയുമ്പോൾ, നമ്മൾ ഓർക്കേണ്ട, മാതൃകയാക്കേണ്ട വ്യക്തിത്വത്തിന്നുടമയാണ് ഡി.സി.പി. അംബിക. ശൈശവ വിവാഹത്തോടുകൂടി പതിനാലാം വയസ്സിൽ മറ്റൊരാളുടെ ഭാര്യയായി ഇരുട്ടറയിൽ തീരാറാകുമായിരുന്നു ഒരു പക്ഷേ ആ ജീവിതം. പതിനെട്ടാം വയസ്സിൽ രണ്ട് കുഞ്ഞുങ്ങളായപ്പോൾ ഇനി അവരെ വളർത്തുക എന്നത് മാത്രമാണ് എന്റെ ഉത്തരവാദിത്വമെന്ന് ഓർക്കാമായിരുന്നു. പലപ്പോഴും തടസ്സങ്ങൾ വന്നപ്പോൾ അതിനെ അതിജീവിക്കുവാൻ, മൂന്നുവട്ടം പരാജയപ്പെട്ടപ്പോൾ അത് പരാജയമല്ല, മറിച്ച് അതിൽ ഞാൻ വിജയിച്ചില്ല എന്ന വാക്കിൽ ഒതുങ്ങുമ്പോൾ, ജീവിതത്തിലേക്ക് നടന്നു നീങ്ങുവാൻ ആത്മധൈര്യത്തോടുകൂടി അവളെ സഹായിച്ച ആ ഡി.സി.പി. അംബികയുടെ ഭർത്താവിനും നൽകണം നല്ലൊരു സെല്യൂട്ട്. ഇന്ന് പരീക്ഷയിലൊന്ന് തോറ്റാൽ, അല്ലെങ്കിൽ ഏതെങ്കിലും ഇന്റർവ്യൂവിലെ റാങ്കിൽ പുറകിലായാൽ ജീവിതം അതോടെ അവസാനിച്ചെന്നു കരുതി ആത്മഹത്യക്ക് വരെ തുനിയുന്ന യുവത്വം. പരാജയം വിജയത്തിന്റെ കോണിപ്പടിയാണെന്നിവർ മനസ്സിലാക്കുന്നില്ല

നാം മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. *ഒരു തൂവൽ നഷ്ടപ്പെട്ടു എന്ന് പറഞ്ഞ് ഒരു പക്ഷിയും പറക്കാതിരുന്നിട്ടില്ല.* ജീവിതത്തിൽ തടസ്സങ്ങളും പരാജയങ്ങളും കടന്നു വരുമ്പോൾ ഇത് അവസാനത്തേതാണെന്ന് വിചാരിക്കാതെ ഉയർന്ന രീതിയിൽ ചിന്തിച്ചുകൊണ്ട് ഉയരത്തിലെത്തുവാൻ എല്ലാ തടസ്സങ്ങളെയും അതിജീവിക്കുവാൻ നമുക്ക് സാധിക്കണം. ഡി.സി.പി. അംബിക പറഞ്ഞതു പോലെ, എനിക്ക് വിജയിക്കണം.

രുടെ അനാസ്ഥയുടെ തിക്തഫലങ്ങളാണ്. സർക്കാർ കാര്യം മുറപോലെയെന്ന ഒരിക്കലും തിരുത്താൻ കഴിയാത്തവിധം ജീർണ്ണിച്ചു വൈകല്യംബാധിച്ചു പോയ ഭരണ സംസ്ക്കാര സംവിധാനത്തിന്റെയും കനിവിന്റെ കണിക പോലുമില്ലാത്ത ഉദ്യോഗസ്ഥ സമൂഹത്തിന്റെ ലജ്ജിപ്പിക്കുന്ന വീഴ്ചകളുടെയും നേർ ചിത്ര ങ്ങളാണവ.

ആമയിഴഞ്ചാൻ തോട്ടിൽ നിന്ന് മാലിന്യ ങ്ങൾ മാറ്റുന്നതിനെക്കാൾ പ്രാധാന്യം അതിൽ മാലിന്യങ്ങൾ എത്തിപ്പെടാതിരിക്കുന്ന കാര്യ ത്തിൽ ആയിരുന്നു നൽകേണ്ടിയിരുന്നത്. കേരളത്തിലൊഴികെ മറ്റുനാടുകളിലെല്ലാം മാലിന്യങ്ങൾ നിക്ഷേപിക്കാൻ പെട്ടികൾ സ്ഥാപിക്കുകയാണ് പതിവ്. ഇവിടെ മാത്രം അതിന് തയാറാകില്ലായെന്ന മുടന്തൻ ന്യായ ങ്ങളോടെയുള്ള പിടിവാശിയിലാണ് എല്ലാ വരും. ചില്ലുകൊണ്ടുള്ള കുപ്പികൾ, ബൾബു കൾ, ട്യൂബ് ലൈറ്റുകൾ എന്നിവ ഏറ്റെടുക്കാൻ ഒരു സംവിധാനവും ഇന്നേവരെ ഇന്നാട്ടിലില്ല. മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്ക്കരിക്കണ മെന്നാവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രായോ ഗിക ബുദ്ധിയില്ലാത്ത, ഭാരിച്ച ശമ്പളം പറ്റുന്ന മരമണ്ടന്മാരാണ് നമ്മുടെ മുന്നിലുള്ള യഥാർത്ഥ മാലിന്യങ്ങളും ആക്രിവസ്തുക്കളും.

ദിവസേന ആയിരക്കണക്കിനാളുകൾ സന്ദർശിക്കുന്ന മെഡിക്കൽ കോളേജിലെ ഏതു യന്ത്രത്തിനും എപ്പോൾ വേണമെങ്കിലും തകരാറുകൾ സംഭവിക്കാമെന്ന തിരിച്ചറിവ് അവിടത്തെ അടി മുതൽ മുടിവരെയുള്ള ഉദ്യോഗസ്ഥ വൃന്ദത്തിന് ഉണ്ടാകണമായിരുന്നു. അങ്ങനെ തകരാറൊന്നുമില്ലെന്ന് ഡ്യൂട്ടി ആരം ഭത്തിൽ തന്നെ ഓരോ ഷിഫ്റ്റിലുമുള്ള ബന്ധ പ്പെട്ട ഡ്യൂട്ടിക്കാർ പരിശോധിച്ച് ഉറപ്പുവരുത്തി ലോഗ് ബുക്കിൽ രേഖപ്പെടുത്തണമായിരുന്നു. അങ്ങനെയായിരുന്നുവെങ്കിൽ ലിഫ്റ്റിൽ കുടുങ്ങിയ ആളെ വളരെ നേരത്തെതന്നെ കണ്ടെത്തി പുറത്തെത്തിക്കാൻ കഴിയുമാ യിരുന്നു.

കർണ്ണാടകയിലെ അപകട സാദ്ധ്യത യെയും മുൻകൂട്ടി കാണേണ്ടതായിരുന്നു. മഴയുടെ തീവ്രത, മണ്ണിന്റെ ഉറപ്പ്, മണ്ണിടിച്ചിലി നുള്ള സാദ്ധ്യതയും തീവ്രതയും, ഭൂമിയുടെ ചരിവ് തുടങ്ങിയവ പരിഗണിച്ച് അതനുസരിച്ച് മലഞ്ചരിവുകൾ വെട്ടിയൊരുക്കുകയോ, മലവെള്ളം സുഗമമായി ഒഴുകി നദിയിലേക്ക് പോകാൻ ചാലുകളും തുരങ്കങ്ങളും നിർമ്മി ക്കാൻ ശ്രദ്ധിക്കുകയോ വേണമായിരുന്നു. അപകടം ഉണ്ടായിട്ട് നടത്തിയ തിരച്ചിലും രക്ഷാപ്രവർത്തനങ്ങളും ചിട്ടയായിട്ടുള്ളതോ യുക്തിസഹമായിട്ടുള്ളതോ ആയിരുന്നില്ലെന്ന് അതുമായി ബന്ധപ്പെട്ട വാർത്തകൾ ശ്രദ്ധിച്ച വർക്കെല്ലാം ബോദ്ധ്യമായ കാര്യമാണ്.

അതിസങ്കീർണ്ണവും മികച്ച പ്രവർത്തന ക്ഷമതയുമുള്ള യന്ത്രോപകരണങ്ങളുംഏതു പ്രതിസന്ധിയെയും 'ക്ഷിപ്രവേഗത്തിൽ' നേരി ടാൻ ശേഷിയുള്ള സജ്ജീകരണങ്ങളും കരുത്തും പരിശീലനവുമുള്ള സേനയും അടങ്ങിയ ദുരന്ത നിവാരണ സംവിധാനങ്ങൾ ഉള്ള നാടാണ് നമ്മുടേത്. ആദ്യം ചെവി ത്തോണ്ടി പോലുള്ള ഉപകരണങ്ങളുപയോ ഗിച്ച് മണ്ണ് നീക്കി തുടങ്ങി ഫലം കാണാതെ ഒരാഴ്ചക്കാലം കഴിഞ്ഞപ്പോഴാണ് മികച്ച സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ തുടങ്ങിയത്. ഏത് ദുരന്തമുഖത്തും രക്ഷാ പ്രവർത്തനങ്ങൾക്ക് സമയത്തിന് വലിയവില യാണ് കല്പിക്കേണ്ടത്. നിർഭാഗ്യവശാൽ ഇവിടെ അതുണ്ടായില്ല. ഉപകരണങ്ങളും സംവിധാനങ്ങളും ചിട്ടയില്ലാതെ ഉപയോ ഗിച്ചും. സമയം നഷ്ടപ്പെടുത്തി.

ഏതെങ്കിലും ഒരു ഭരണാധികാരിയോ അയാളുടെ കുടുംബാംഗമോ ആണ് ഇങ്ങനെ യൊരപകടത്തിൽ മണ്ണിനടിയിൽപ്പെട്ടിരുന്ന തെങ്കിൽ രക്ഷാപ്രവർത്തനങ്ങളുടെ ചിത്രം മറ്റൊന്നാകുമായിരുന്നു. രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാകുമായിരുന്നു. തിരച്ചി ലിന് അടുക്കും ചിട്ടയും ഏകോപനവും ഉണ്ടാ കുമായിരുന്നു. സാധാരണക്കാരനായ പൗരന് തെരുവുനായയുടെ വിലപോലും കൽപ്പി ക്കാത്ത നാട്ടിൽ ഇങ്ങനെയൊക്കെ നടന്നില്ലെ ങ്കിലെ അത്ഭുതമുള്ളൂ. *(തുടരും)*

# BE KIND TO YOURSELF by BEING KIND TO OTHERS

*Er Thomas Kolanjikombil*
Maramon.

We think of kindness as showing compassion and empathy towards others. But the act of kindness begins within. Being kind to ourselves is essential for our wellbeing and happiness. The most effective way to cultivate self kindness is by being kind to others.

There is so much going in our lives, with stress and strain everywhere, then where is the room to be kind to others?. But the perfect method to evade our distress is the ***doing act of kindness***. When we show kindness to others, it creates a ripple effect that ultimately comes back to us. By being compassionate and understanding towards someone else, we are reminded that everyone struggles and that we are not alone in our tussles. This realisation can help us to be more gentle and understanding with ourselves. Kindness can increase our sense of connectivity with others, decrease loneliness and improve relationships.

When we practice kindness to others or towards ourselves, we can experience positive mental and physical changes through increase in production of feelgood hormones such as dopamine, oxytocin and serotonin. Dopamine is a neurotransmitter that is released by nuero cells in brain when we do something enjoyable and beneficial. It is involved in the brain's reward system and play important role in many body functions including motivation, mood, movements, learning and attention. This can help us to boost our self esteem and confidence, make us more likely to treat ourselves with kindness and respect. Oxytocin is also known as love or cuddle hormones. It is released by the brain in response to closeness and touch and can bring about feeling of trust, belonging and intimacy. Serotonin is a chemical messenger that is involved in controlling our moods. Lower serotonin levels are thought to contribute depression. So kindness can really change everything, from mental health to our overall wellness. The more we exercise it, happier and blooming are we and the world around us. Studies have found that such people have lower blood pressure and heart rates. When we are happy we are more likely to engage in physical activity that is essential to maintain healthy heart.

Act of kindness draws our attention away from what we cannot control and pushes to focus on what we can. Act of kindness makes us feel lighter, calmer and more fulfilled. This will assist us to put an end to our negative self talk and critical inner voice. When we hub on showing kindness to others, we are less likely to get caught up in self criticism and self doubt. This gives us good sleep at night. Being kind to others can help us to develop a sense of purpose and meaning in us, that can be a powerful antidote to self doubt.

When we feel like making a positive impact on the world, we are more elated about ourselves and treat ourselves with kindness and respect.

Kindness does not presuppose gifts or money. Look up and make an intentional eye contact with someone we see and smile. They may just smile back. Maybe neither of us take too much notice, but it sets us up for further positive interactions and improve our health. Findings from both naturally occurring smile studies and experimentally manipulated smile studies, consistently suggest that, smiling have a number of health relevant benefits on our physiology: During acute stress, improved stress recovery, reduced illness over time. It is thought to decrease inflammation in the body.

Some simple ways to do the act of kindness : Compliment someone in a meaningful way - appreciate coworkers when they come up with creative ideas for solving problems.

Give someone a boost in difficult times - if we know one of our friends, coworkers, family members or neighbours is going through a rough patch, do something to help him. We may probably can't fix their problems, but we can visit them, have fellowship with them and give the feeling that we care for them.

React with compassion when someone is rude - Hard to practice, but if we react to their words or actions with kindness, it may make them feel better and certainly it won't feel them worse. Say thank you - probably we do it simply out of politeness, but there are many things we could be thanking people for.

Smile at strangers - It is easy to smile when we are in good mood or with our friends or family. Think about how we feel when someone, a stranger smile at us - we feel good about it.

Being kind to others is the most effective way to cultivate self kindness. By showing compassion and empathy towards others, we can create a domino effect of kindness that comes back to us, boosting our mood, self esteem and overall wellness. So let us remember that kindness begins within and that by being kind to others, we are also being kind to ourselves.

SCAN to download previous editions of Hydel bullet

The Chief Editor
**Hydel Bullet**
KSEB Engineers' Association,
Panavila
Thiruvananthapuram - 695001
Phone : 0471 - 2330696
hydelbulletin@gmail.com
**Mob : 7012117197, 9495600714**

Vantage point

# The Impact of Luddite Sentiments on the Power Industry and Smart Meter Technology

The Term "Luddite" originates from the early 19th century, referring to a group of English textile workers who destroyed weaving machinery as a form of protest. They believed that these new machines were threatening their jobs and livelihoods.

Today, "Luddite" is used more broadly to describe someone who is opposed to industrialization, automation, or new technologies.“

In the context of the power industry, modern Luddite sentiments are often directed at smart meter technology. Smart meters are advanced devices that record electricity consumption in real time, allowing for more efficient energy management, better customer service, and the facilitation of smart grids. Despite their benefits, smart meters face resistance from certain groups who fear negative consequences.“

### Key Concerns of Modern Luddites

**1. Privacy and Security:** One of the primary concerns is that smart meters collect detailed data about household energy usage, which could be perceived as invasive. Opponents worry about potential misuse of this data and the risk of cyber-attacks.

**2.Job Losses:** The automation of meter reading and data analysis can lead to job losses in these sectors, causing anxiety among workers.

**3. Health Concerns:** Some individuals believe that the electromagnetic fields (EMFs) emitted by smart meters could pose health risks, although scientific evidence does not support these claims.

**4. Cost:** There is a fear that the costs of implementing smart meter technology will be passed on to consumers through higher utility bills.

### The Consequences of Luddite Resistance

**1. Slowed Technological Adoption:**

Resistance to smart meters slows down their deployment, delaying the benefits they can provide. This includes more accurate billing, real-time monitoring, and improved energy efficiency.

**2. Inefficiencies and Higher Cost:**

Without smart meters, power companies cannot manage demand as effectively. This can lead to higher operational costs, which are often passed on to consumers. It also makes it harder to integrate renewable energy sources into the grid.

**3. Increased Environmental Impact:**

Efficient energy management is

crucial for reducing carbon emissions. Smart meters help in optimizing energy use, thus contributing to environmental sustainability. Resistance to their implementation can hinder progresstowards climate goals.

**4. Reduced Competitiveness:**

Regions that do not adopt smart meter technology may fall behind in terms of technological innovation and economic competitiveness. This can lead to a less attractive environment for investment and development.

**5. Infrastructure Strain :**

Without smart meters, utilities may struggle to identify and respond to outages and other issues quickly, leading to more frequent and prolonged disruptions in service.

**Overcoming Luddite Resistance**

To mitigate the impact of Luddite sentiments, the power industry and policymakers need to address the underlying concerns through:

**1. Education and Transparency:**

Providing clear, factual information about the benefits of smart meters and addressing myths and misconceptions can help gain public trust.

**2. Data Privacy and Security:**

Implementing stringent data protection measures and ensuring transparency about how data is used can alleviate privacy concerns.

**3. Job Transition Programs:**

Offering retraining programs and new job opportunities for those affected by automation can reduce resistance based on job security.

**4. Health and Safety Assurance:**

Clear communication and scientific evidence can help dispel unfounded health fears.

**5. Cost Management:**

Ensuring that the implementation of smart meters is cost-effective and that consumers see tangible benefits can help in gaining public acceptance.

**Way Forward**

Luddite resistance to smart meter technology in the power industry poses significant challenges to progress and innovation. While the concerns driving this resistance are valid, addressing them proactively through education, transparency, and supportive measures can help in harnessing the full potential of smart meters. Embracing technological advancements in the power industry is crucial for achieving greater efficiency, sustainability, and reliability in our energy systems."

*eMpTy mind....*

ഗാനമാധുരി - 16

# വിഷു - ആഘോഷവും ഐതിഹ്യവും പാട്ടുകളും

(അവസാനം ഭാഗം )



*Er പി.വി. പ്രമോദ്*
എക്സിക്യൂട്ടീവ് എഞ്ചിനീയർ

**8. കണിക്കൊന്ന**

കണിക്കൊന്നയുടെ മനോഹാരിത കണ്ടുകൊണ്ടാണ് കേരളീയർ വിഷു ആഘോഷിക്കുന്നത്. വിഷുവിന്റെ ഏറ്റവും മുഖ്യമായ പ്രതീകമാണ് കണിക്കൊന്നപ്പൂവ്. കണിക്കൊന്നയില്ലാതെ വിഷുക്കണിയില്ല. കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക പുഷ്പം കൂടിയായ കണിക്കൊന്നയ്ക്ക് ഈ പേര് ലഭിച്ചതാക്കട്ടെ വിഷുക്കണിക്ക് ഉപയോഗിക്കുന്നതിനാലും. മീനം പകുതി മുതൽ മേടം പകുതി വരെയാണ് കണികൊന്നയുടെ പൂക്കാലം.

മീനച്ചൂടിൽ ഉരുകിയ മണ്ണിലെ സ്വർണ്ണത്തെ സ്വാംശീകരിച്ച് പുഷ്പ ദളങ്ങളിൽ എത്തുന്നതു കൊണ്ടാണ് കണിക്കൊന്നയ്ക്കു സ്വർണ്ണവർണ്ണം ലഭിച്ചതെന്ന പരമ്പരാഗതമായ ഒരു വിശ്വാസമുണ്ട്. വസന്തഋതുവിന്റെ പ്രതീകം കൂടിയായ കണിക്കൊന്നയ്ക്ക് 'കർണ്ണികാരം' എന്ന പേരു കൂടിയുണ്ട്.

സംസ്കൃതത്തിൽ 'ആരഗ്വധം', ഹിന്ദിയിൽ 'അമൽതാസ്' , ഇംഗ്ലീഷിൽ 'ലാബർനം' എന്നിങ്ങനെ പേരുകളുള്ള കണിക്കൊന്നയുടെ ശാസ്ത്രീയ നാമമാണ് 'കാഷ്യ ഫിസ്തുല ' . 15 മീറ്റർ വരെ ഉയരം വെക്കുന്ന കണിക്കൊന്ന മരത്തിന്റെ തളിരിലയും തൊലിയും വേരുമെല്ലാം ഔഷധ ഗുണമുള്ളതാണ്.

കണിക്കൊന്ന വിഷുക്കണിയിൽ മുഖ്യമായതിനു പിന്നിൽ ഒരു ഐതിഹ്യ കഥയുണ്ട്. ഗുരുവായൂർ ഉണ്ണിക്കണ്ണനെ കളിക്കൂട്ടുകാരനായി ലഭിച്ച ഒരു കുട്ടിയുണ്ടായിരുന്നു. ഒരിക്കൽ ഒരു ഭക്തൻ ഗുരുവായൂരപ്പന് മനോഹരമായ ഒരു സ്വർണ്ണമാല സമ്മാനിച്ചു. ഇത് ശ്രീകോവിലിനുള്ളിലെ കൃഷ്ണ വിഗ്രഹത്തിൽ അണിയിച്ചു. ഒരിക്കൽ കണ്ണൻ കളിക്കൂട്ടുകാരനുമായി കളിക്കാൻ പോയത് ഈ മാലയണിഞ്ഞായിരുന്നു. കൂട്ടുകാരന് മാല വളരെ ഇഷ്ടമായെന്ന് അറിഞ്ഞ കണ്ണൻ മാലയൂരി അവന് സമ്മാനിച്ചു.

വൈകിട്ട് പൂജാരി നടതുറന്നപ്പോൾ വിഗ്രഹത്തിൽ മാല കണ്ടില്ല. ഇതേ സമയം കുട്ടിയുടെ കഴുത്തിൽ സ്വർണ്ണമാല കണ്ട മാതാപിതാക്കൾ കുട്ടിയെ കൂട്ടി അമ്പലത്തിലെത്തി. കുട്ടി മാല മോഷ്ടിച്ചതാണ് എന്ന ധാരണയിൽ അവൻ പീഡിപ്പിക്കപ്പെട്ടു. ഉടൻ തന്നെ കുട്ടി നിലവിളിച്ചു കൊണ്ട് എന്റെ കണ്ണാ മാല നീ സമ്മാനിച്ചതാണെന്ന് പറയാത്തതെന്ത് ? അതു കൊണ്ട് ഈ മാല എനിക്കു വേണ്ട എന്ന് പറഞ്ഞ് മാല ഊരി എറിഞ്ഞു. മാല പോയി വീണത് ഒരു കൊന്ന മരത്തിലായിരുന്നു. ഉടൻ തന്നെ മരം നിറയെ സ്വർണ്ണ നിറമുള്ള പൂക്കൾ നിറഞ്ഞു. അപ്പോൾ ശ്രീകോവിലിൽ നിന്ന് ഒരു അശരീരിയുണ്ടായി. 'എന്റെ ഭക്തന് ഞാൻ നൽകിയതായിരുന്നു സ്വർണമാല. ഈ പൂക്കൾ കൊണ്ട് അലങ്കരിച്ച് എന്നെ കണികാണുന്നവർക്ക്

സർവ ഐശ്വര്യങ്ങളും ഉണ്ടാകും.'അങ്ങിനെയാണത്രെ കണിക്കൊന്ന കണിയിലെ മുഖ്യ ഇനമായി മാറിയത്.

**9. വിഷുക്കൂട്ടം**

വിഷുദിനത്തിൽ പുലർച്ചെ ഒരു കരയിലെ കുട്ടികൾ കണിയൊരുക്കിയ ഉരുളി / കൊച്ചു ശ്രീകോവിൽ എടുത്ത് ഓടകുഴൽ, കൈമണി , ഗഞ്ചിറ തുടങ്ങിയ വാദ്യങ്ങളുടെ അകമ്പടിയോടെ കരയിലെ വീടുകളിൽ കണിയുമായെത്തുന്നു. ഈ സംഘത്തിന്റെ പേരാണ് കണിക്കൂട്ടം . വീടിന്റെ ഉമ്മറ വാതിലിനു മുമ്പിൽ കണിയൊരുക്കം വച്ച് സംഘം വീടിന്റെ ഇരു വശങ്ങളിലുമായി ഒളിഞ്ഞിരുന്ന് ശംഖനാദം മുഴക്കി വിഷുപ്പാട്ടിന്റെ വരികൾ പാടും. ഇതു കേട്ട് ഉണർന്നു വരുന്ന വീട്ടുകാർ സംഘത്തിന് സംഭാവന നൽകുന്നു. തുടർന്ന് സംഘം അടുത്ത വീട്ടിലേക്ക് നീങ്ങും.

**10. വിഷുപ്പച്ച**

പണ്ട് കേരളത്തിൽ വിഷു ആഘോഷത്തിനു വേണ്ട എല്ലാ പച്ചക്കറികളും കായ്കനികളും കർഷകർ വയലുകളിൽ വിളയിച്ചെടുത്തിരുന്നു. വിഷുവിന്റെ തലേ ദിവസം ഇവ വിളവെടുത്ത് തങ്ങളുടെ സ്വന്തം ആവശ്യത്തിനുള്ളവ എടുത്ത ശേഷം ബാക്കി വിളവുകൾ കാഴ്ചക്കണ്ടത്തിൽ മനോഹരമായി കൂട്ടിവയ്ക്കും. ഇതിനെ വിഷുപ്പച്ച അഥവാ ഗ്രാമക്കണി എന്നു പറയുന്നു. ഗ്രാമീണർ ഇതു കണികണ്ട് വിഷുപ്പച്ചയിലെ ആവശ്യമുള്ളവ മേടിച്ച് വീടുകളിലേക്കു കൊണ്ടു പോകുന്നു.

**11. വിഷുവല്ലി**

ഇത് ജൻമി -കുടിയാൻ ബന്ധമുള്ള കാലത്തെ ഒരു ചടങ്ങാണ്. വിഷുവിന്റെ തലേ ദിവസം വിളവെടുത്തതിനു ശേഷം വിഷുക്കണി ഒരുക്കുവാനും വിഷുസദ്യ ഉണ്ടാക്കുവാനും ആവശ്യമുള്ള പച്ചക്കറികളും മറ്റുമായി കുടിയാൻമാർ കാട്ടുവള്ളികൾ ഉണക്കിയുണ്ടാക്കുന്ന വള്ളിക്കുട്ടയിൽ എടുത്ത് ജൻമിയുടെ വീട്ടിലെത്തിക്കുന്നു. വിളകൾ സ്വീകരിച്ച ശേഷം ജൻമി അതേ കുട്ടയിൽ അരി, എണ്ണ, ശർക്കര, പുതു വസ്ത്രങ്ങൾ എന്നിവ നിറച്ച് കുടിയാൻമാരെ യാത്രയാക്കുന്നു. വിഷുദിനം കുടിയാൻമാർ പട്ടിണി കിടക്കാതിരിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ ആചാരം. വല്ലി എന്ന വാക്കു സൂചിപ്പിക്കുന്നത് വള്ളി കൊണ്ടുള്ള കുട്ടയെയാണ് .

**12. വിഷുത്തീയിടൽ**

വിഷുവിന്റെ തലേ ദിവസം ഗൃഹപരിസരങ്ങളിലെ ചപ്പുചവറുകൾ അടിച്ചുവാരി കത്തിക്കുന്ന പതിവ് കേരളത്തിലെ പല ഭാഗത്തും പ്രത്യേകിച്ച് മലബാറിലുണ്ട്. ഇത് രാവണവധം കഴിഞ്ഞ് ലങ്ക ദഹിപ്പിച്ചതിന്റെ പ്രതീകമായാണ് ചെയ്യുന്നത്.

**13. കണിക്കെട്ട്**

കണികൊന്നപ്പൂവിന്റെ കുലയും മാങ്ങാക്കുലയും ചേർത്തു കെട്ടി വിഷുവിന്റെ തലേദിവസം രാത്രി വീടിന്റെ ഉമ്മറത്തുള്ള ഉത്തരത്തിൽ കെട്ടിയിടുന്നു. ഇതാണ് കണിക്കെട്ട്. വിഷുദിനത്തിൽ ഉറക്കമുണരുമ്പോൾ കണി കാണാനാണ് ഇത് ചെയ്യുന്നത്. സാധാരണ രീതിയിൽ വിഷുക്കണി ഒരുക്കാൻ കഴിയാത്തവരാണ് ഇങ്ങനെ ചെയ്യുന്നത്.

**14. വിഷുപ്പടുക്ക**

തിരുവിതാംകൂർ ഭാഗത്ത് വിഷുത്തലേന്ന് രാത്രിയിൽ ചെയ്യുന്ന ഒരു പൂജയാണിത്. വാഴയുടെ നാക്കിലയിൽ മുന്തിരി, കൽക്കണ്ടം, തേങ്ങ, പഴം എന്നിവ വച്ചാണ് പൂജിക്കുന്നത്. പിറ്റേന്ന് വിഷുദിനത്തിൽ കണി കണ്ട ശേഷം ഇവ കൊണ്ട് പായസമുണ്ടാക്കി കുടിക്കും. പടുക്കയിടൽ എന്നാണ് ഇതറിയപ്പെടുന്നത്.

**15. വിഷുസദ്യയും മറ്റു വിഭവങ്ങളും**

വിഷുക്കാലം ചക്ക, മാങ്ങ , മുരിങ്ങ തുടങ്ങിയ വൃക്ഷ ഫലങ്ങളുടെയും പച്ചക്കറികളുടെയും വിളവെടുപ്പു സമയമാണ്. വിഷുവിഭവങ്ങൾ ഉണ്ടാക്കുന്ന പ്രധാന ഫലമാണ് വരിക്കച്ചക്ക. ചക്ക എരിശേരിയും

ചക്ക വറുത്തതുമാണ് വിഷുവിന്റെ മുഖ്യവിഭവങ്ങൾ. എരിശേരിയിൽ ചക്കയുടെ ചുള, കുരു, കൂഞ്ഞ്, മടൽ, പുറത്തെ മുള്ള് ഉൾപ്പെടെയുള്ള എല്ലാ ഭാഗങ്ങളും ചേർക്കുന്നു

ഓണത്തിന് വാഴയ്ക്കാ വറുത്തുപ്പേരി ആണെങ്കിൽ വിഷുവിന് ചക്ക കൊണ്ടുള്ള താണ്. പഴുത്ത വരിക്കച്ചക്ക കൊണ്ടുള്ള പ്രഥമനും മാമ്പഴപ്പുളിശേരിയും മുരിങ്ങ-- ചക്കക്കുരു അവിയലും വിഷുസദ്യയുടെ വിഭവങ്ങളാണ്

ചില ദേശങ്ങളിൽ വിഷുക്കഞ്ഞി ഉണ്ടാക്കുന്ന പതിവുണ്ട്. തവിടു കളയാത്ത അരിയും തേങ്ങപ്പാലും ചേർത്താണ് ഇതുണ്ടാക്കുന്നത്. കഞ്ഞി വാഴപ്പോളയുടെ പാത്രങ്ങളിൽ വിളമ്പി പഴുത്ത പ്ലാവില ഉപയോഗിച്ചു കഴിക്കും. കൂടെ ചക്ക എരിശേരിയും ചക്ക വറുത്തതുമുണ്ടാകും.

വിഷുവിന്റെ മറ്റൊരു വിഭവമാണ് വിഷു അട. അരിപ്പൊടിയും നന്നായി പഴുത്ത വാഴപ്പഴവും പൊടിച്ച കൽക്കണ്ടവും അൽപം മഞ്ഞൾപ്പൊടി ചേർത്ത് ഇളക്കി വാഴയിലയിൽ പരത്തി ആവിയിൽ പുഴുങ്ങിയെടുക്കുന്നതാണ് വിഷു അട.

വടക്കെ മലബാറിൽ വിഷുവിന് തലേ ദിവസം ഉണ്ടാക്കാറുള്ള ഒരു തരം അപ്പമാണ് 'കണിയപ്പം'. കണി വെക്കുന്നതിന് ഉപയോഗിക്കുന്നതു കൊണ്ടാണ് ഈ പേര് വന്നത്.

തൃശൂർ ജില്ലയിലും മറ്റും വിഷുദിനത്തിൽ തയാറാക്കുന്ന ഒരു പ്രത്യേക പലഹാരമാണ് 'വിഷുക്കട്ട '.ഉണക്കലരി തേങ്ങാപ്പാലിൽ വേവിച്ച് വാഴയിലയിൽ നിരത്തി കഷണങ്ങളാക്കുന്ന ഈ പലഹാരം ശർക്കപ്പാനിയിൽ മുക്കിയാണ് കഴിക്കുന്നത്.

**പഴഞ്ചൊല്ലുകളിലെ വിഷു**

വിഷുവിനോട് ബന്ധപ്പെട്ട് അനവധി പഴഞ്ചൊല്ലുകൾ കേരളത്തിന്റെ പല ഭാഗങ്ങളിലുണ്ട്. ചിലത് വിഷുവിന്റെ കാർഷിക ബന്ധത്തെ സൂചിപ്പിക്കുമ്പോൾ മറ്റു ചിലത് കണിയുമായി ബന്ധമുള്ളതാണ്. അവയിൽ പ്രമുഖമായതാണ് -

1. വിഷുവുണ്ടോ കൃഷിയുണ്ട്
   *കൃഷിയുണ്ടോ വിഷുവുണ്ട്*
2. വിഷുക്കൊഴി ഉറച്ചാൽ വിഷുഫലം തിരിയും
3. വിഷു കണ്ടാൽ രാവിലെ വിത്തിറക്കണം.
4. വിഷു വന്നാൽ വർഷവും വരും
5. മേടം പത്തിനു മുമ്പ് പൊടിവിത കഴിയണം
6. വിഷുക്കണിയെന്നാൽ ഉഷക്കണിതന്നെ
7. വിഷുക്കൈ നീട്ടം വിഷുക്കൈ നേട്ടം
8. കണി കണ്ടിട്ട് ചക്ക വെക്കുക
9. വിഷു താണ്ടിയാൽ വിഷമം താണ്ടി
10. മേടം വന്നാൽ വിഷു വരും

**വിഷുപ്പാട്ടുകൾ**

വിഷുപ്പക്ഷിയുടെ പാട്ട് മലയാളിക്ക് എക്കാലവും സുപരിചിതയാണ്. ഒരേ ഈണത്തിലും താളത്തിലുമുള്ള അവയുടെ ശബ്ദത്തിനൊപ്പിച്ച് ചമയ്ക്കപ്പെട്ടതാണ് നാടൻ വിഷുപ്പാട്ടുകൾ . അവയിൽ ചിലത് കേൾക്കാം

1. *വിത്തും കൈക്കോട്ടും*
   *വെക്കം കൈയേന്തു*
   *വെട്ടം വീഴാറായ്*
   *ചെത്തം കേക്കാറായ്*
   *ഒത്തു കിളച്ചിടാം*
   *വിത്തുവിതച്ചീടാം*

ഇതൊരു കൃഷിപ്പാട്ടാണ്. സൂര്യൻ ഉദിക്കാറായെന്നും കിളികളുടെ ശബ്ദത്തോടെ ലോകം ഉണരാറായെന്നും പറഞ്ഞ് അതിനു മുമ്പെ പണിയായുധങ്ങളുമായി പണിക്കിറങ്ങാനുള്ള ആഹ്വാനമാണ് ഈ പാട്ടിൽ .

2. *അച്ഛൻ കൊമ്പത്ത് അമ്മ വരമ്പത്ത്*
   *കള്ളൻ മുറ്റത്ത് ചുരുളൻ പരിയത്ത്*

അച്ഛനും അമ്മയും ജോലിയിൽ ഏർപ്പെട്ടിരിക്കെ മോഷണത്തിന് എത്തിയ കള്ളനെ മിടുക്കനായ നായ ഓടിക്കുന്ന കഥയാണ് ഈ പാട്ടു പറയുന്നത്.

3. *ചക്കിക്കൊച്ചമ്മേ ചക്കയ്ക്കുപ്പുണ്ടോ*
   *ഉപ്പില്ല്യാന്നിച്ചാൽ*
   *അച്ഛൻ കൈ പൊക്കും*
   *ഉപ്പൂടിപ്പോയാൽ അമ്മ കലമ്പിക്കും*

ഭക്ഷണം രുചിയായി ഒരുക്കുന്നതാണ് ഈ പാട്ടിൽ പറയുന്നത്.

4. *പൂരക്കൊടിയേറ്റ്*
*കാവിൽ മുടിയേറ്റ്*
*താലപ്പൊലിയേറ്റ്*
*മേളപ്പതിവേറ്റ്*

ഗ്രാമീണ ഉൽസവാന്തരീക്ഷത്തിന്റെ സംസ്കാരം വിവരിക്കുന്ന നാടൻ പാട്ടാണിത്.

**വിഷു ഗാനങ്ങളിൽ**

ഒരു വർഷത്തിലെ ഋതുഭേദങ്ങളിൽ ഓരോരോ ഭാവമണിയുന്ന പ്രകൃതി ഓരോ വികാരമാണ് നമ്മിൽ ഉണർത്തുന്നത്. ഈ ഋതുഭേദങ്ങളെ പാട്ടുകൾ കൊണ്ട് പഴമക്കാർ അടയാളപ്പെടുത്തിയിരുന്നു. അങ്ങനെയാണ് പല നാടൻ പാട്ടുകളും പിറന്നത്. സംക്രമ കാലത്ത് പ്രകൃതിയിലുണ്ടാവുന്ന മാറ്റങ്ങൾ വിഷുപാട്ടുകൾക്കു പ്രചോദനമായി.

ആധുനിക കാലത്തെ ജനകീയ സംഗീതമായ ചലച്ചിത്ര ഗാനങ്ങളിലും വിഷുപ്പാട്ടുകളുണ്ട്. വിഷുക്കാലത്തെ പ്രകൃതിയുടെ വാങ്മയ ചിത്രങ്ങളും ആഘോഷങ്ങളും പ്രതിഭാധനരായ കവികളും സംഗീതകാരൻമാരും തൂലികയിലൂടെയും ധ്വനികളിലൂടെയും പകർത്തിയപ്പോൾ മികച്ച വിഷുപ്പാട്ടുകൾ പിറവിയെടുത്തു.

മലയാള ചലച്ചിത്ര ഗാനങ്ങളിലെ വിഷുപ്പാട്ടുകൾ മൂന്നു തരത്തിലാണെന്നു പറയാം -

A. ശ്രീകൃഷ്ണന്റെ കണിപ്പാട്ടുകൾ
B. വിഷുവിന്റെ അന്തരീക്ഷ ഗാനങ്ങൾ
C. വിഷു ബന്ധവാക്കുകൾ വരികളിലുള്ള ഗാനങ്ങൾ

A കൃഷ്ണന്റെ കണിപ്പാട്ടുകൾ

വിഷുപ്പാട്ടുകളിലെ ക്ലാസിക്കുകൾ കണ്ണന്റെ കണിപ്പാട്ടുകളാണെന്നു പറയാം. കണിവസ്തുക്കളിൽ മുഖ്യമാണല്ലോ കൃഷ്ണവിഗ്രഹം. അതുകൊണ്ട് തന്നെ വിഷുക്കണി എന്നാൽ കൃഷ്ണനെ കണി കാണുന്നതും കൂടിയാണ്. കണ്ണന്റെ ഏതാനും കണിപ്പാട്ടുകളെ അറിയാം ആസ്വദിക്കാം.

**1 – കണികാണും നേരം**

വിഷുവിന്റെയും കണിയുടെയും കാര്യം പ്രതിപാദിക്കുമ്പോൾ ആദ്യം മനസിലെത്തുന്ന ഗാനമാണ്

*കണികാണും നേരം കമല നേത്രന്റെ*
*നിറമേറും മഞ്ഞ തുകിൽ ചാർത്തി*
*കനക കിങ്ങിണി വളകൾ മോതിരം*
*അണിഞ്ഞു കാണേണം ഭഗവാനേ*

മലയാളത്തിന്റെ ഭക്തകവികളിൽ പ്രമുഖനായ പൂന്താനം നമ്പൂതിരി രചിച്ച ഭക്തി കാവ്യമാണിത്. ലക്ഷണമൊത്ത ഈ പാട്ടുപോലെ വിഷുക്കണിയെയും കാർവർണനെയും ഇത്ര ചന്തത്തോടെയും ഭക്തിയോടെയും വർണിക്കുന്ന മറ്റൊരു ഗാനമില്ല മലയാളത്തിൽ. യഥാർഥത്തിൽ പൂന്താനം രചിച്ച 'നരക വൈരിയാമരവിന്ദാക്ഷന്റെ' എന്നു തുടങ്ങുന്ന കീർത്തനമാണ് കണി കാണും നേരം എന്ന ഗാനമായി മാറിയത്. കീർത്തനത്തിലെ 'നരക വൈരിയാം ' എന്നു തുടങ്ങുന്ന ഭാഗം ഒഴിവാക്കി 'കണികാണും നേരം' എന്നു തുടങ്ങുന്ന ഭാഗം ആദ്യവരിയാക്കിയതാണ് ഇപ്പോൾ നാം കേൾക്കുന്ന ഗാനം. സംസ്കൃതപദങ്ങൾ ഇല്ലാത്ത ശുദ്ധ മലയാളത്തിലാണ് പൂന്താന കവി ഗാന വരികൾ രചിച്ചിരിക്കുന്നത് .

1964ൽ ഇറങ്ങിയ ഓമനക്കുട്ടൻ എന്ന ചലച്ചിത്രത്തിൽ ഗാനമായി ഉൾപ്പെടുത്തിയതോടെയാണ് പൂന്താന വിരചിതമായ ഈ ശ്രീകൃഷ്ണ സ്തുതി പ്രശസ്തമായത്. ദേവരാജൻ മാസ്റ്ററുടെ ഈണത്തിൽ ഗായികമാരായ പി ലീലയും രേണുകയും ചേർന്നു പാടിയതാണ് ഈ ഗാനത്തിന്റെ യഥാർത്ഥ ശബ്ദരൂപം (Original Sound track). മലയാളിയുടെ ദേശീയാഘോഷമായ വിഷുവിന്റെ സംഗീത പ്രതീകമായി ചിരകാലമായി ഈ ഗാനമുണ്ട്. ഈയൊരു ഭക്തി സ്തുതി ഗാനമില്ലാതെ മലയാളികൾക്ക് വിഷുവില്ല എന്ന് പറഞ്ഞാൽ അത് അതിശയോക്തി

യാവില്ല. കാലം വളരെ മുമ്പോട്ടു പോയെങ്കിലും വിഷുവിന്റെ പ്രതീകമായി കണികാണും നേരവും അതിന്റെ ഈണവും നിറഞ്ഞു നിൽക്കുന്നു. വിഷുക്കാലത്ത് വിഷുവിന്റെ സൂചകമായി ദൃശ്യ-ശ്രവ്യമാധ്യമങ്ങളിൽ ഒഴുകി വരുന്ന പശ്ചാത്തല സംഗീതവും മൊബൈൽ ഫോണുകളിലെ മണിയടി നാദവും ഈയൊരു ഗാനത്തിന്റേതു തന്നെ.

**ഭക്തിയുടെ പൂന്തേൻ നൽകിയ പൂന്താനം**

കേരളം ജൻമം നൽകിയ പ്രമുഖ ഭക്ത കവികളിൽ ഒരാളായിരുന്നു പൂന്താനം നമ്പൂതിരി. മലയാളത്തിലെ സങ്കീർത്തന പ്രസ്ഥാനത്തിലെ പ്രഥമഗണനീയനാണ് പൂന്താനം. പഴയ വള്ളുവനാട് താലൂക്കിലെ നെൻമേനി അംശത്തിലെ പൂന്താനം ഇല്ലത്തിൽ ക്രിസ്തുവർഷം 1547 ലായിരുന്നു കവിയുടെ ജനനം. ഇപ്പോൾ മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണയിൽ നിന്നും 7 കിലോമീറ്റർ വടക്കായിട്ടാണ് ഇല്ലത്തിന്റെ സ്ഥാനം. കവിയുടെയും മാതാപിതാക്കളുടെയും പത്നിയുടെയും പേരുകൾ ലഭ്യമല്ല. കവിയുടെ ശരിയായ പേര് ബ്രഹ്മദത്തൻ, ശങ്കരൻ ഇവയിലൊന്നാണെന്ന് അനുമാനിക്കപ്പെടുന്നു.

പച്ച മലയാളത്തിൽ ലളിതമായി എഴുതിയതും ഭാവവും ഭക്തിയും നിറഞ്ഞു നിൽക്കുന്നതുമായിരുന്നു പൂന്താനത്തിന്റെ കവിതകൾ. ഇവ സാധാരണ ജനങ്ങൾക്ക് പെട്ടെന്ന് മനസ്സിലാകുന്ന രീതിയിലായിരുന്നു. ഉത്തമകാവ്യങ്ങൾ സംസ്കൃതഭാഷയിലേ എഴുതാൻ കഴിയുള്ളൂ എന്ന അക്കാലത്തെ ധാരണ ശുദ്ധ മലയാള കൃതികൾ രചിച്ചു കൊണ്ട് പൂന്താനം തകർത്തു.

പാന, സ്തോത്രം, കീർത്തനം എന്നീ വിഭാഗങ്ങളിലായി അമ്പതോളം കൃതികൾ പൂന്താനം രചിച്ചിട്ടുണ്ട്. പ്രമുഖ കൃതികളായ ജ്ഞാനപ്പാന, സന്താനഗോപാലം എന്നിവ പാനവിഭാഗത്തിലും ശ്രീകൃഷ്ണ കർണ്ണാമൃതം, ഘനസംഘം എന്നിവ സ്തോത്രങ്ങളിലും അമ്പാടി തന്നിലൊരുണ്ണിയുണ്ടങ്ങിനെ, നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ, നരകവൈരിയാമരവിന്ദാക്ഷന്റെ എന്നിങ്ങനെ തുടങ്ങുന്നവ കീർത്തനങ്ങളിലും ഉൾപ്പെടുന്നു.

മലയാളത്തിലെ പാനസാഹിത്യത്തിന്റെ ഉപജ്ഞാതാവാണ് പൂന്താനം. ഭദ്രകാളി ക്ഷേത്രങ്ങളിലെ ആരാധനയോട് ബന്ധപ്പെട്ട ഒരു ചടങ്ങായിരുന്നു പാനകളി. അതിൽ പാടുന്ന പാട്ടുകളിലെ വൃത്തമായ 'സർപ്പിണി' ഭക്തിഭാവത്തിന് ഇണങ്ങുന്നതാണെന്ന് പൂന്താനം നിരീക്ഷിച്ചു. തുടർന്ന് സർപ്പിണി വൃത്തത്തിൽ അദ്ദേഹം കാവ്യങ്ങൾ രചിച്ചു. അങ്ങനെ പാനപ്പാട്ട് സാഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

പൂന്താനത്തിന്റെ ഏറ്റവും പ്രശസ്ത കൃതിയാണ് *ജ്ഞാനപ്പാന*. ഇതിന്റെ രചനയ്ക്കു പിറകിൽ ഒരു സംഭവമുണ്ട്. വളരെക്കാലത്തെ കാത്തിരിപ്പിന് ശേഷമാണ് പൂന്താനത്തിന് ഒരു കുഞ്ഞുണ്ടായത്. കുഞ്ഞിന്റെ ചോറൂണിന് ബന്ധുക്കളെയെല്ലാം ക്ഷണിച്ചിരുന്നു.രാത്രിയായിരുന്നു മുഹൂർത്തം. ക്ഷണപ്രകാരം എത്തിയ അന്തർജനങ്ങൾ അവരുടെ വസ്ത്രങ്ങൾ അവിടെയൊരു സ്ഥലത്ത് ഉറങ്ങിക്കിടന്നിരുന്ന ഉണ്ണിയുടെ മേൽ അറിയാതെ കൊണ്ടു ചെന്നിട്ടു. ചോറൂണിന്റെ മുഹൂർത്തത്തിന് അമ്മ എടുക്കാൻ ചെന്നപ്പോൾ ഉണ്ണി ശ്വാസംമുട്ടി മരിച്ചു കിടക്കുന്നതായി കണ്ടു. മകൻ മരിച്ചതിന്റെ തീവ്രദുഃഖത്തിൽ രചിച്ചതാണ് ജ്ഞാനപ്പാന. ഇതിൽ ഉണ്ണികൃഷ്ണനെ സ്വന്തം മകനായി സങ്കൽപ്പിക്കുന്ന വരികളുണ്ട്. വേദാന്ത തത്വങ്ങൾ ലളിതമായി പ്രതിപാദിച്ച ഈ കൃതി മലയാളത്തിലെ ഉപനിഷത് എന്ന് വിശേഷിപ്പിക്കപ്പെടുന്നു.

മലയാളത്തിന് ഭക്തിയുടെ പൂന്തേൻ നൽകിയ പൂന്താനം ക്രിസ്തുവർഷം 1640 ൽ ദിവംഗതനായി.

**കണികാണും നേരത്തിന്റെ സംഗീതം**

തലമുറകളിൽ നിന്നും തലമുറകളിലേക്ക് പകർന്ന് അനശ്വരമായ കണികാണും നേരം എന്ന ലളിതസുന്ദര ഭക്തിഗാനം ഇത്ര പ്രശസ്തമായതിന് പിന്നിൽ രചനയ്ക്കൊപ്പം ഈണത്തിനും വലിയ പങ്കുണ്ട്. പൂന്താന ത്തിന്റെ പ്രശസ്തമായ ശ്രീകൃഷ്ണ സ്തുതി ഇന്നു കേൾക്കുന്ന രീതിയിൽ ചിട്ടപ്പെടുത്തി യത് മലയാളത്തിന്റെ മഹാനായ സംഗീത ജ്ഞൻ ദേവരാജൻ മാസ്റ്ററാണ്. പൂന്താനത്തിന്റെ വരികൾക്ക് കാലാനുവർത്തിയായ ഈണം നൽകിയ സംഗീതകാരൻ നാസ്തികനായി രുന്നുവെന്നത് മറ്റൊരു കൗതുകമാണ്. കുട്ടിക്കാലത്ത് തന്റെ അമ്മ ചൊല്ലിക്കേട്ടിരുന്ന ഒരു ഭക്തിഗാനത്തിന്റെ ഈണവും താളവും അല്പം മാറ്റി ചിട്ടപ്പെടുത്തിയതാണ് കണി കാണും നേരത്തിന്റേത്. അമ്മ പാടിയിരുന്ന ചടുലമായിരുന്ന താളം ചലച്ചിത്രത്തിലെ ഗാനത്തിന് അനുയോജ്യമായ രീതിയിൽ മന്ദതാളം ആക്കുകയായിരുന്നു.

അഞ്ചു ഖണ്ഡങ്ങളുള്ള ഈ ഗാനം ഒരു 'രാഗമാലിക' ആയിട്ടാണ് ചിട്ടപ്പെടുത്തി യിരിക്കുന്നത്.- മോഹനം, ആനന്ദഭൈരവി, ആരഭി, ഹിന്ദോളം, വസന്ത എന്നീ രാഗ ങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. *'കണികാണും നേരം'* എന്നു തുടങ്ങുന്ന ഒന്നാം ഖണ്ഡത്തിന്റെ രാഗം *മോഹനം* ആണ്.

*മലർമാതിൻ കാന്തൻ* എന്നു തുടങ്ങുന്ന രണ്ടാം ഖണ്ഡം *ആനന്ദഭൈരവിയിലും*

*ശിശുക്കളായുള്ള സഖിമാരും താനും* എന്ന മൂന്നാം ഖണ്ഡം ആരഭിയിലും

*ബാല സ്ത്രീകൾ തുകിലും* എന്നു തുടങ്ങുന്ന നാലാം ഖണ്ഡം *ഹിന്ദോള* ത്തിലുമാണ് ചിട്ടപ്പെടുത്തിയത്.

*എതിരെ ഗോവിന്ദനരികിൽ വന്നോരോ* എന്നു തുടങ്ങുന്ന അവസാന ഖണ്ഡ ത്തിന്റെ രാഗം വസന്തയാണ്.

ശ്രീകൃഷ്ണ വാദ്യമായ ഓടക്കുഴൽ വാദനത്തോടെ ആരംഭിക്കുന്ന ഗാനത്തിൽ മുഖ്യമായി ഈയൊരു വാദ്യം മാത്രമേ ഉപയോഗിച്ചിട്ടുള്ളു.

പരമ്പരാഗത ഗാനങ്ങൾ വ്യത്യസ്ത ഈണങ്ങളിൽ ഉണ്ടാകാറുണ്ടെങ്കിലും കണികാണും നേരം ഈയൊരു ലളിതസുന്ദര ഈണത്തിലേ കേൾക്കാറുള്ളൂ എന്നത് ഈണത്തിന്റെ മഹത്വം വ്യക്തമാക്കുന്നു.

**2. ചെത്തി മന്ദാരം തുളസി**

'കണികാണും നേരം' എന്ന ഗാനത്തിനു ശേഷം കണ്ണനെ കണി കാണുന്നത് മലയാളി മനസ്സിൽ പതിപ്പിച്ച മനോഹര ഗാനമാണ് 'അടിമകൾ' (1969) എന്ന ചിത്രത്തിൽ വയലാറും ദേവരാജനും ചേർന്നൊരുക്കി സുശീല ഭക്തിഭാവ മാധുര്യത്തോടെ ആലപിച്ച ക്ലാസ്സിക് ഗാനം -

*ചെത്തി മന്ദാരം തുളസി*
*പിച്ചക മാലകൾ ചാർത്തി*
*ഗുരുവായൂരപ്പാ നിന്നെ കണി കാണണം*

ആനന്ദഭൈരവി രാഗത്തിലുള്ള ഈ ഗാനം തലമുറകളായി മനസ്സിൽ പതിഞ്ഞ് നിത്യഹരിതമായി ആസ്വാദക ഹൃദയങ്ങളി ലുണ്ട്.

**3. മരതകമണി വർണ്ണാ**

1970 ൽ പുറത്തിറങ്ങിയ ചിത്രമായ 'സരസ്വതി ' മനോഹരമായ ഒരു കൃഷ്ണ ഭക്തി ഗാനം സമ്മാനിച്ചിട്ടുണ്ട്.

*മരതകമണിവർണ്ണ മനം പോലെ തരാം വെണ്ണ*
*കണി കാണാൻ കമലക്കണ്ണാ വാവാ*

എം എസ് ബാബുരാജ് ഈണം നൽകി എസ് ജാനകി ഭക്തിഭാവ പുരസ്സരം ആലപിച്ച ഗാനത്തിന്റെ രചയിതാവ് പ്രശസ്ത നടനും കൂടിയായ തിക്കുറിശ്ശി സുകുമാരൻ നായരാണ്.

**4.ചാലെ ചാലിച്ച ചന്ദനഗോപി**

1973 ൽ പുറത്തിറങ്ങിയ ചിത്രമായ 'ഉദയം' നൽകിയത് എക്കാലവും ഓർമ്മിക്ക പ്പെടുന്ന മികച്ച ഗാനങ്ങളായിരുന്നു. ദക്ഷിണാ മൂർത്തി സ്വാമി സംഗീതം നിർവഹിച്ച ചിത്രത്തിൽ ഗാനരചയിതാക്കളായത് പി ഭാസ ്കരൻ മാസ്റ്ററും ശ്രീകുമാരൻ തമ്പിയും. ഉദയ

ത്തിൽ കണിപ്പാട്ടു കൂടിയായ മനോഹരമായ കൃഷ്ണ ഭക്തി ഗാനമുണ്ട് -

ചാലെ ചാലിച്ച ചന്ദനഗോപിയും
നീലക്കാർ വർണ്ണവും നീൾ മിഴിയും

ഭാസ്കരൻ മാസ്റ്റർ രചിച്ച ഭക്തി സാന്ദ്രമായ ഗാനം ആലപിച്ചത് എസ് ജാനകി. . കണ്ണനെ കണി കാണുന്ന മോഹം സാധാരണയായി ഗാനത്തിന്റെ പല്ലവിയിലാണുണ്ടാവുക. എന്നാൽ ഈ ഗാനത്തിന്റെ അന്ത്യഭാഗത്താണ് കണിയുടെ കാര്യം പറയുന്നത് -

*കണ്ണന്റെ കമനീയ ലീലാവിലാസമെൻ*
*കൺകളിൽ പൊൻകണിയായ് തെളിഞ്ഞിടേണം*

ചലച്ചിത്ര ഗാനങ്ങളിൽ അപൂർവമായി പ്രയോഗിക്കപ്പെട്ട 'ദേവഗാന്ധാരി' രാഗത്തിലാണ് ഗാനം ചിട്ടപ്പെടുത്തിയത്.

**5. മൗലിയിൽ മയിൽപീലി ചാർത്തി**

ഗുരുവായൂരപ്പനെ കണി കാണുന്ന മറ്റൊരു ശ്രദ്ധേയ ഗാനം സിനിമയിൽ പിറന്നത് അനവധി വർഷങ്ങൾക്കു ശേഷമാണ്. 'നന്ദനം' (2002) എന്ന ചിത്രത്തിൽ ഗിരീഷ് പുത്തഞ്ചേ രിയുടെ വരികൾക്ക് രവീന്ദ്രൻ ഈണം നൽകി ചിത്ര പാടിയ 'മൗലിയിൽ മയിൽപീലി ചാർത്തി' എന്ന മോഹനരാഗ ഗാനത്തിലും കണിയും കണ്ണനും ഭക്തിയും നിറയുന്നുണ്ട്.

**ആ വിഷുവിന്റെ അന്തരീക്ഷ ഗാനങ്ങൾ**

വിഷു ആഘോഷത്തിന്റെ പ്രതീകാത്മകത രചനയിലും ഈണത്തിലും പ്രമേയമാക്കുന്ന ചലച്ചിത്ര ഗാനങ്ങളുണ്ട്.

പൂർണ്ണമായും വിഷുവിനെ പ്രമേയവും പ്രതീകവുമാക്കി വിഷുവിന്റെ ആഹ്ളാദാന്തരീക്ഷങ്ങൾ ആദ്യാന്തം വിവരിക്കുന്നവയാണ് ഇവ. ചില ഗാനങ്ങൾ കണിയുടെ മാഹാത്മ്യവും.

മേടമാസത്തിന്റെയും കണിക്കൊന്നയുടെയും നൻമയും വർണജാലവും പൂത്തിരിയുടെ പൊട്ടിച്ചിരികളും വിഷുക്കൈനീട്ടവും എല്ലാം തന്നെ വരികളിലാക്കി വിഷുക്കാലം തീർക്കുന്നു. വിഷുപ്പക്ഷിയുടെ വരവും അവയുടെ പാട്ടും ഗാനങ്ങളിൽ പ്രതിപാദ്യമാകുന്നു. ഇത്തരത്തിലുള്ള ചില ഗാനങ്ങൾ ആസ്വദിക്കാം -

1. എന്റെ കൈയിൽ പൂത്തിരി

വിഷുവിന്റെ അന്തരീക്ഷമുള്ള ഗാനങ്ങളിൽ ഏറ്റവും ശ്രദ്ധേയ ഗാനം നമുക്ക് സമ്മാനിച്ചത് 1975 ൽ പുറത്തിറങ്ങിയ 'സമ്മാനം 'എന്ന ചലച്ചിത്രമാണ്. ഈ ചലച്ചിത്രത്തിൽ അനശ്വരനായ വയലാറിന്റെ തൂലികയിൽ പിറന്ന ഗാനമാണ് -

*എന്റെ കൈയിൽ പൂത്തിരി*
*നിന്റെ കൈയിൽ പൂത്തിരി*
*എങ്ങും പൊട്ടിച്ചിരിക്കുന്ന വിഷുപ്പുലരി*
*പുലരിക്ക് പൊൻപണം കൈനീട്ടം*
*ഈ പുഞ്ചിരിക്കു പുഞ്ചിരി കൈനീട്ടം*

മലയാള ചലച്ചിത്ര ഗാന സംഗീത രംഗത്തെ ആചാര്യനായ ദക്ഷിണാമൂർത്തി സ്വാമി ഈണം പകർന്ന് വാണി ജയറാം ആലപിച്ച ഗാനം വിഷുവിന്റെ മാധുര്യം മനസ്സിൽ പകർന്നു നൽകുന്നു. വിഷുവിന്റെ പ്രതീകങ്ങളും സന്തോഷത്തിന്റെ അന്തരീക്ഷവും എല്ലാം ചേർന്നതാണ് വയലാറിന്റെ വർണ്ണന. പൂത്തിരിയും മത്താപ്പും കത്തിത്തെളിഞ്ഞു പ്രകാശം പരത്തുന്നതിനൊപ്പം അവയുടെ പൊട്ടിച്ചിരികളും മുഴങ്ങുന്ന ഗാനമാണിത്.

വിഷുവിന്റെ പ്രസന്നതയും സന്തോഷവും സ്ഫുരിപ്പിക്കുന്ന സംഗീതമാണ് ഗാനത്തിന്റേത്. വിഷുവിന്റെ ആഹ്ളാദാരവങ്ങളുടെ ധ്വനിയുയർത്തുന്ന പശ്ചാത്തല സംഗീതത്തോടെയാണ് ഗാനം ആരംഭിക്കുന്നത്. തുടർവരികളിലെ ഈണവും വാദ്യ സംഗീതവും വിഷുവിന്റെ പ്രതീതി ആസ്വാദകമനങ്ങളിൽ നിറയ്ക്കുന്നു. *ചക്രവാകം രാഗത്തിലാണ്* ഗാനം ചിട്ടപ്പെടുത്തിയത്.

വാണി ജയറാമിന്റെ ചടുലയാർന്ന സ്വരം ചടുലമായ ഗാനത്തിന് ഏറ്റവും അനുയോജ്യമാണെന്ന ബോധ്യത്തിൽ തന്നെയാവാം

സംഗീത സംവിധായകൻ ആലാപന ദൗത്യം ഗായികയ്ക്ക് നൽകിയത്.

**2. തിരിയോ തിരി പൂത്തിരി**

1971 ൽ പുറത്തിറങ്ങിയ 'മൂന്നു പൂക്കൾ ' എന്ന ചിത്രത്തിൽ പി ഭാസ്കരൻ മാസ്റ്റർ രചിച്ച് പുകഴേന്തി സംഗീതം നൽകി എസ് ജാനകിയും സംഘവും മനോഹരമായ ഒരു വിഷുപാട്ടുണ്ട് –

*തിരിയോ തിരി പൂത്തിരി*
*കണിയോ കണി വിഷുക്കണി*
*കാലിൽ കിങ്ങിണി കയ്യിൽ പൂത്തിരി*
*നാളെ പുലരിയിൽ വിഷുക്കണി*

വിഷുദിനത്തിന്റെ തലേന്ന് പാടുന്ന രീതിയിലാണ് ഇതിന്റെ രചന. ഗാനവരികളിലെ ആദ്യ ഭാഗത്ത് വിഷുദിനത്തിൽ തളികയിൽ വയ്ക്കുന്ന കണി വസ്തുക്കളുടെ വിവരണമുണ്ട്. അതോടൊപ്പം കണി കാണണമെന്നും കണ്ണുപൊത്തി ഉണരണമെന്നും കൈനോട്ടം വാങ്ങണമെന്നുമുള്ള സന്ദേശവുമുണ്ട്.

**3.അച്ഛൻ കൊമ്പത്ത്**

വിഷുവിന്റെ ആഗമനം വിളിച്ചറിയിച്ചു കൊണ്ടുള്ള വിഷുപ്പക്ഷിയുടെ സ്വരം അനവധി നാടൻ പാട്ടുകളുടെ സൃഷ്ടിക്കു ഹേതുവായിട്ടുണ്ട്. വിഷുപ്പക്ഷിയുടെ സ്വരത്തിന്റെ പ്രതീകമായ വാക്കുകൾ ഒരു ചലച്ചിത്ര ഗാനത്തിന്റെ വരികളായി മാറിയതാണ് നസീമ (1983)എന്ന ചിത്രത്തിൽ പി ഭാസ്കരൻ മാസ്റ്റർ രചിച്ച് ജോൺസൺ ഈണം നൽകിയ ഈ ഗാനം–

*അച്ഛൻ കൊമ്പത്ത് അമ്മ വരമ്പത്ത്*
*കള്ളൻ മുറ്റത്ത്*
*പാടി ചെസോത്ത്*

വിഷുവിന്റെ ഗ്രാമാന്തരീക്ഷങ്ങൾ വാക്കുകളിലും വരികളിലും പ്രതിഫലി പ്പിച്ചാണ് ഭാസ്കരൻ മാസ്റ്റർ ഗാനരചന നിർവഹിച്ചിരിക്കുന്നത്. വിഷുപ്പക്ഷിയുടെ നാദമായ 'അച്ഛൻ കൊമ്പത്ത് ' കൂടാതെ 'വിത്തും കൈക്കോട്ടും' ഗാനത്തിൽ വരികളാകുന്നുണ്ട്. ഗാന വരികൾ മുഴുവനും വിഷുവിന്റെ പ്രതിപാദ്യമായ ഗാനം ചലച്ചിത്ര ഗാനങ്ങളിലെ ശ്രദ്ധേയമായ വിഷുപ്പാട്ടായി മാറുന്നു.

ഗാനത്തിന് ജോൺസൺ നൽകിയ ഈണവും പശ്ചാത്തലസംഗീതവും ഗ്രാമാന്തരീക്ഷത്തിലെവിഷുവിന്റെ താളവും മേളവുമെല്ലാം ധ്വനിപ്പിക്കുന്നതാണ്. നാടൻ പാട്ടിന്റെ ശൈലീഭാവം സമന്വയിച്ച ഈണം അതുകൊണ്ടു തന്നെ ആസ്വാദക മനസ്സിൽ ഇടം പിടിക്കുന്നു.

**വിഷു വാക്കുകൾ വരികളിലുള്ള ഗാനങ്ങൾ**

വിഷുവും കൊന്നയും വിഷുപ്പക്ഷിയും ഒക്കെ പദങ്ങളായി വരികളിലുണ്ടെങ്കിലും പ്രണയം പോലെ മറ്റു കാര്യങ്ങൾ പ്രമേയമായ ഗാനങ്ങളുണ്ട്. ഇവയെ വിഷുപ്പാട്ടുകൾ എന്ന് പറയാനാകില്ലെങ്കിലും വിഷുബന്ധമുള്ള കാര്യങ്ങളെ പ്രതിപാദിക്കുന്നുണ്ട്.

'ത്രിവേണി' എന്ന ചിത്രത്തിൽ വയലാർ – ദേവരാജൻ – യേശുദാസ് ത്രിമൂർത്തികളുടെ 'കൈതപ്പുഴക്കായലിലെ ' എന്ന ഗാനത്തിൽ വെള്ളോടിന്നുരുളിയിൽ വെള്ളരിപ്പൂക്കണി വെക്കുന്ന കാര്യം പറഞ്ഞ് കാമിനിയെ കണി കാണാൻ വിളിക്കുന്നുണ്ട്. ഇവിടെ പൂക്കണി വെക്കുന്നത് പുലരിയിൽ വെള്ളിയായി യുദിക്കുന്ന പ്രകൃതിയാണ്.

വയലാറും ദേവരാജനും ഗാനങ്ങൾ ഒരുക്കിയ 'കൂട്ടുകുടുംബം' (1970) എന്ന ചിത്രത്തിലെ യേശുദാസ് പാടിയ 'തങ്കഭസ്മക്കുറിയിട്ട തമ്പുരാട്ടി' എന്ന ഗാനത്തിൽ 'വിളക്കു കെടുത്തി ആദ്യമായ് നൽകിയ 'വിഷുക്കൈനീട്ടങ്ങളെ' പറ്റി പറയുന്നുണ്ട്. ഇത് പക്ഷെ പ്രണയത്തിന്റെ വിഷുക്കൈനീട്ടമാണ്.

വരികളിൽ വിഷുപക്ഷി വരുന്ന ഗാനങ്ങളുണ്ട്. ചുക്ക് (1973) എന്ന ചിത്രത്തിൽ വയലാർ – ദേവരാജൻ ടീമിന്റെ ഗാനമാണ് 'സംക്രമ വിഷുപക്ഷി സംവൽസരപക്ഷി ' . പി.ലീല പാടിയ ഈ ഗാനത്തിൽ കാലത്തിൻ ചുവരിലെ പുഷ്പ പഞ്ചാംഗങ്ങൾ മാറ്റുന്ന വിഷുപക്ഷിയിലൂടെ മനുഷ്യന്റെ ചരിത്രവും ചെയ്തികളും തത്വചിന്താപരമായി അവതരിപ്പിക്കുന്നു.

വിഷുപക്ഷി വരിയിൽ വരുന്ന മറ്റൊരു ഗാനമാണ് 'ഋതുഭേദം' (1987) എന്ന ചിത്രത്തിൽ തകഴി ശങ്കരനാരായണൻ രചിച്ച് ശ്യാം ഈണം നൽകി യേശുദാസ് പാടിയ 'ഋതുസംക്രമ' പക്ഷി പാടി ഹൃദയ 'സങ്കീർത്തനം പാടി' . ഈ ഗാനത്തിന്റെ രാഗം ഹിന്ദോളമാണ്.

'കൊന്നപ്പൂ' വരികളിൽ അലങ്കാരമായി വരുന്ന ഗാനങ്ങളുണ്ട്. പല്ലവി തന്നെ കൊന്നപ്പൂവിൽ തുടങ്ങുന്ന ഗാനമാണ് 'കൊന്നപ്പൂവേ കിങ്ങിണിപ്പൂവെ' . അമ്മയെ കാണാൻ (1963)എന്ന ചിത്രത്തിൽ പി. ഭാസ്കരൻ - കെ. രാഘവൻ കൂട്ടുകെട്ട് ഒരുക്കിയ ഗാനം ആലപിച്ചത് എസ് ജാനകി.

'ലക്ഷ്മി' (1977) എന്ന ചിത്രത്തിൽ ശ്രീകുമാരൻ തമ്പിയും ദേവരാജൻ മാസ്റ്ററും ചേർന്നൊരുക്കിയ പ്രണയ ഗാനം ആരംഭിക്കുന്നത് കണിക്കൊന്നയിലാണ്. 'കണിക്കൊന്നയല്ല ഞാൻ കണി കാണുന്നതെൻ കൺമണി തൻ മോഹ മന്ദസ്മിതം' എന്ന ഈ ഗാനം പാടിയത് യേശുദാസാണ്.

'കൊന്നപ്പൂ പൂക്കുന്ന നാട്ടിൽ പൊന്നാര്യൻ കൊയ്യുന്നൊരെന്റെ നാട്ടിൽ ' എന്ന ഗാനം അരയന്നങ്ങളുടെ വീട് (2000) എന്ന ചിത്രത്തിൽ ഗിരീഷ് പുത്തഞ്ചേരി രചിച്ച് രവീന്ദ്രൻ ഈണം നൽകി ജയചന്ദ്രനും മനോയും പാടിയതാണ്. സിന്ധു ഭൈരവിയാണ് ഇതിന്റെ രാഗം. ഗിരീഷ് പുത്തഞ്ചേരിയുടെ മറ്റൊരു ഗാനമാണ് 'മേടപ്പൊന്നണിയും കൊന്നപ്പൂക്കണിയായ്' - എം.ജി. രാധാകൃഷ്ണൻ ഈണം നൽകി എം.ജി. ശ്രീകുമാറും അരുന്ധതിയും പാടിയ ഈ ഗാനം 'ദേവാസുരം' (1993)എന്ന ചിത്രത്തിലേതാണ്.

ഇത്തരത്തിലുള്ള മറ്റൊരു ഗാനമാണ് ഒരു അഭിഭാഷകന്റെ കേസ് ഡയറി (1995) എന്ന ചിത്രത്തിലെ 'കണിക്കൊന്നകൾ പൂക്കുമ്പോൾ '- ഷിബു ചക്രവർത്തി രചിച്ച് രവീന്ദ്രൻ ഈണം നൽകി സുജാത പാടിയ ഗാനം 'ജയന്തശ്രീ' എന്ന അപൂർവ രാഗത്തിലാണ് ചിട്ടപ്പെടു ത്തിയത്.

പാട്ടുകളിലെ കൊന്നപ്പൂവിനെ പറ്റി പറയുമ്പോൾ പി ഭാസ്കരൻ മാസ്റ്ററെ നമ്മൾ പ്രത്യേകിച്ച് ഓർക്കണം. കൊന്നയുടെ പര്യായ പദമായ 'കർണ്ണികാരം' മനോഹരമായും സന്ദർഭോചിതമായും മാസ്റ്റർ ചില ഗാനങ്ങളിൽ ചാലിച്ചിട്ടുണ്ട്. കളിത്തോഴൻ (1967) എന്ന ചിത്രത്തിലെ 'മഞ്ഞലയിൽ മുങ്ങിത്തോർത്തി' എന്ന ഗാനത്തിലെ 'കർണ്ണികാരം' പൂത്തുതളിർത്തു കല്പനകൾ താലമെടുത്തു ' എന്ന വരികൾ നമ്മുടെ മനസ്സിനെയും പൂത്തുതളിർപ്പിക്കും. ദേവരാജ സംഗീതത്തിലുള്ള ഈ നിത്യഹരിതഗാനം ജയചന്ദ്രന്റെ ആദ്യഗാനമെന്ന നിലയിലും പ്രശസ്തമാണ്. ഗുരുവായൂർ കേശവൻ (1977) എന്ന ചിത്രത്തിലെ 'ഇന്നെനിക്ക് പൊട്ടുകുത്താൻ ' എന്ന ദേവരാജ സംഗീതത്തിൽ മാധുരി പാടിയ ഗാനത്തിൽ പൊന്നിലഞ്ഞികൾ പന്തലൊരുക്കുമ്പോൾ കർണ്ണികാരം താലമെടുക്കുകയാണ് ചെയ്യുന്നത്.

വിഷുപക്ഷി കാലത്തിൻ ചുവരിലെ പുഷ്പ പഞ്ചാംഗങ്ങൾ മാറ്റി ഓരോ വർഷവും വിഷു വന്നണയുമ്പോൾ ആസ്വാദക മനസ്സിൽ ഗാനങ്ങളുടെ കൊന്നപ്പൂക്കൾ വിരിഞ്ഞു കൊണ്ടേയിരിക്കും.

*അവലംബം*


1. പ്രദീപ് ഗോപി- കണികാണും നേരം - ദീപിക വെബ് സൈറ്റ്
2. അരവിന്ദാക്ഷൻ.കെ - കണികാണുന്നേരം - ജൻമഭൂമി വെബ് സൈറ്റ്
3. ബാലരമ ഡൈജസ്റ്റ് - 2018 ഏപ്രിൽ 21 ലക്കം
4. അജിത്കുമാർ എൻ - കവിതയുടെ പൂന്തേൻ - മനോരമ ഓൺലൈൻ
5. വിക്കിപീഡിയ - വിഷു, വിഷുപ്പക്ഷി, വിഷുപ്പടക്കം.
6. മേടപ്പൊന്നണിയും കൊന്നപ്പൂക്കണി - മാധ്യമം.കോം
7. വിഷുപ്പാട്ടുകൾ - മാതൃഭൂമി.കോം.

# Energy Briefs 7



*Er Subha T.G.*
*Assistant Executive Engineer*

**1. India's Unified Power Grid Recognized as One of the Largest in the World in Economic Survey 2023-24**

Power transmission in India is connected into one grid running on one frequency with the inter-regional capability of transferring 1,18,740 megawatts (MW). It is emerging as one of the largest unified electricity grids in the world", states the Economic Survey 2023-24 tabled by Union Minister of Finance and Corporate Affairs, Smt Nirmala Sitharaman in Parliament. Until 31 March 2024, transmission systems have expanded to 4,85,544 circuit kilometers of transmission lines and 12,51,080 mega volt amp (MVA) of transformation capacity.

Government of India has accelerated its efforts to enhance the sector and meet the continuously rising demand for electricity in the country. The peak electricity demand increased by 13 per cent to 243 GW in FY24. Between FY23 and FY24, the maximum rise in electricity generation was recorded in renewable energy resources for utilities.

As per the Economic Survey, a total of 2.86 crore households have been electrified since the launch of the Saubhagya in October 2017 under various schemes and the implementation of Electricity (late payment surcharge and related matters) Rules, 2022 have given relief to the DISCOMs, as well as electricity consumers and generating companies.

RENEWABLE SECTOR

Under United Nations Framework Convention on Climate Change India has committed to achieve about 50 per cent cumulative electric power installed capacity from non-fossil fuel-based energy resources by 2030. The Ministry of New and Renewable Energy is working towards achieving 500 Giga Watt (GW) of installed electricity capacity from non-fossil sources by 2030.

As of 31 March 2024, a total of 190.57 GW of renewable energy (RE) capacity has been installed in the country. The share of RE in the total installed generation capacity in the country stands at 43.12%.The clean energy sector in India saw new investment of 8.5 lakh crore between 2014 and 2023. It says that the RE sector is expected to attract investments of about 30.5 lakh Cr in India between 2024 and 2030 and this would create significant economic opportunities across the value chain.

As per the National Electricity Plan of the Central Electricity Authority, the non-fossil fuel (hydro, nuclear, solar, wind, biomass, small hydro, pump storage pumps) based capacity which is around 203.4 GW (46 per cent of the total) out of 441.9 GW of total installed capacity in 2023-24 is likely to increase to 349 GW (57.3 per cent) in 2026-27, and 500.6 GW (64.4 per cent) in 2029-30.

***Courtesy:India Education Diary***

# Happy Retirement!



Er Pankajakshan M.T.
EE, Kozhikode Unit



Er Sajeevan K.
AEE, Kozhikode Unit



Er Murahari T.
AE, Kozhikode Unit



Er Ashraf T.K
AE, Kozhikode Unit



Abdul Azeez M.K.
AEKozhikode Unit



Er Kenny Philip
EE, Ernakulam Unit



Er Pradeep
EE,PMU KANNUR



Er Laiju
AEE, Tvm Unit










KSEB ENGINEERS' ASSOCIATION
Hydel Bullet Monthly

Price ₹ 10
Date of Publication 08.08.2024













Edited, Printed & Published by Er Rajesh D.S., Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only